# റബ്ബർ

സെപ്റ്റംബർ 2026 • വാർഷികവരിസംഖ്യ ₹100

- റബ്ബറിന് രണ്ടാംഗഡു വളം
- ചൈനയിലെ ടാപ്പിങ്‌യന്ത്രങ്ങൾ
- വടക്കുകിഴക്കൻ മേഖലയിലെ റബ്ബർകൃഷിവ്യാപനം
- റബ്ബർതോട്ടങ്ങളിലെ മണ്ണു–ജല സംരക്ഷണം
- റബ്ബർമാസിക @ 60







## എ.എൻ.ആർ.പി.സി. യോഗങ്ങൾ കൊച്ചിയിൽ




Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
Booking trough : www.cheerakuzhy.com

724

# റബ്ബർ

സെപ്റ്റംബർ 2026



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481-2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
x.com/rubberboard
instagram.com/therubberboard
youtube.com/@RubberBoardIndia
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



ചെയർമാൻ:
**എൻ. ഹരി**

എക്സിക്യൂട്ടീവ് ഡയറക്ടർ:
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ:
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ:
**കെ.കെ. ബെന്നി**



**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*


# ഉള്ളടക്കം


06 | എ.എൻ.ആർ.പി.സി. യോഗങ്ങൾക്ക് ഇന്ത്യ ആതിഥേയത്വം വഹിച്ചു

10 | റബ്ബറിന് രണ്ടാംഗഡു വളമിടാറായി

14 | ചൈനയിലെ ടാപ്പിങ്യന്ത്രങ്ങൾ

17 | റബ്ബർകൃഷി വികസനം

21 | റബ്ബർതോട്ടങ്ങളിലെ മണ്ണു-ജല സംരക്ഷണം

26 | റബ്ബർമാസിക @ 60

28 | കോൾസെന്റർ

33 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ




# ടാപ്പിങ്ങിൽ സാങ്കേതികവിദ്യയുടെ പുതിയ സാധ്യതകൾ

ഇന്ന് റബ്ബറിന് താരതമ്യേന മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ടെങ്കിലും അതിന്റെ പൂർണമായ പ്രയോജനം പല കർഷകർക്കും ലഭിക്കുന്നില്ല. പ്രധാന കാരണം ടാപ്പർമാരുടെ ലഭ്യതക്കുറവ് മൂലം ടാപ്പിങ് മുടങ്ങുന്നതാണ്. ഉത്പാദനത്തെ നേരിട്ട് ബാധിക്കുന്ന ഈ പ്രശ്നത്തിന് ദീർഘകാലാടിസ്ഥാനത്തിൽ പരിഹാരം കാണേണ്ടത് അനിവാര്യമാണ്.

ടാപ്പിങ് സുഗമമാക്കുന്നതിനായി ടാപ്പിങ്മെഷീനുകൾ ഏതാനും വർഷങ്ങളായി വിപണിയിൽ ലഭ്യമാണെങ്കിലും അവയ്ക്ക് ഇതുവരെ വ്യാപകമായ സ്വീകാര്യത നേടാനായിട്ടില്ല. പരമ്പരാഗത ടാപ്പിങ് രീതിയുമായി താരതമ്യം ചെയ്യുമ്പോൾ ടാപ്പിങ്മെഷീനുകളുടെ വില, ഓരോ മരത്തിന്റെയും അടുത്തേക്ക് അവ കൊണ്ടുപോകേണ്ടതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ, യന്ത്രത്തിന്റെ ഭാരം തുടങ്ങിയ ഘടകങ്ങൾ പരിചയസമ്പന്നനായ ടാപ്പർക്ക് പരമ്പരാഗത രീതിയാണ് കൂടുതൽ സൗകര്യപ്രദമെന്ന തോന്നലുണ്ടാക്കുന്നു. അതുകൊണ്ടുതന്നെ യന്ത്രവത്കരണത്തിന് കൂടുതൽ കാര്യക്ഷമവും പ്രായോഗികവുമായ പരിഹാരങ്ങൾ ആവശ്യമാണ്.

യന്ത്രവത്കൃത ടാപ്പിങ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നമ്മുടെ രാജ്യത്തും വിവിധ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പഠനങ്ങളും പരീക്ഷണങ്ങളും നടന്നുവരുന്നുണ്ട്. ഇതിനിടയിൽ, ഈ രംഗത്ത് ശ്രദ്ധേയമായ ഒരു മുന്നേറ്റം ചൈനയിൽ ഉണ്ടായിരിക്കുകയാണ്. പൂർണമായും ആട്ടോമേറ്റഡ് ടാപ്പിങ് സംവിധാനം അവിടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. മനുഷ്യാധ്വാനം പരമാവധി കുറച്ചുകൊണ്ട് ടാപ്പിങ് കൂടുതൽ കൃത്യതയോടെയും കാര്യക്ഷമതയോടെയും നടത്താൻ ലക്ഷ്യമിടുന്ന ഈ സാങ്കേതികവിദ്യയുടെ സാധ്യതകൾ ഏറെ ശ്രദ്ധേയമാണ്. ഇതിനെക്കുറിച്ചുള്ള വിശദമായ ഒരു ലേഖനം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എല്ലാ മേഖലകളിലും തൊഴിലാളികളുടെ ലഭ്യതക്കുറവ് വർധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ റബ്ബർമേഖലയും അതിൽനിന്ന് മുക്തമല്ല. തൊഴിലാളികളെ ആശ്രയിച്ചുമാത്രം മുന്നോട്ടുപോകുക എന്നത് ഭാവിയിൽ കൂടുതൽ വെല്ലുവിളി നിറഞ്ഞതായേക്കാം. അതിനാൽ, ഉത്പാദനക്ഷമതയും കാര്യക്ഷമതയും നിലനിർത്തിക്കൊണ്ട് തൊഴിലാളിയാശ്രിതത്വം കുറയ്ക്കാൻ കഴിയുന്ന സാങ്കേതികവിദ്യകളെ സ്വീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടത് കാലത്തിന്റെ ആവശ്യമാണ്.

റബ്ബർടാപ്പിങ്ങിലെ യന്ത്രവത്കരണം ഒരു സാങ്കേതിക മാറ്റം മാത്രമല്ല; തൊഴിലാളിക്ഷാമം നേരിടുന്ന റബ്ബർമേഖലയെ കൂടുതൽ സുസ്ഥിരവും കാര്യക്ഷമവുമായ ഭാവിയിലേക്ക് നയിക്കുന്ന നിർണായക ചുവടുവയ്പ്പുകൂടിയാണ്.

– എഡിറ്റർ



## സുസ്ഥിരതയ്ക്കായി

# എ.എൻ.ആർ.പി.സി. യോഗം

അസ്സോസിയേഷൻ ഓഫ് നാച്ചുറൽ റബ്ബർ പ്രൊഡ്യൂസിങ് കൺട്രീസ് (എ.എൻ.ആർ.പി.സി.), പ്രകൃതിദത്ത റബ്ബർമേഖലയുടെ സുസ്ഥിരത ലക്ഷ്യം വച്ചുകൊണ്ട് ഫോറം ഓൺ സസ്റ്റൈനബിൾ നാച്ചുറൽ റബ്ബർ (Forum on Sustainable Natural Rubber) സംഘടിപ്പിച്ചു. ഇന്ത്യ ആതിഥേയത്വം വഹിച്ച ഈ യോഗം റബ്ബർബോർഡിന്റെ നേതൃത്വത്തിൽ കൊച്ചിയിലാണ് നടന്നത്. റബ്ബർമേഖലയുടെ ഭാവിയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാനും ഈ മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷിയും സുസ്ഥിരതയും കൈവരിക്കുന്നതിനുള്ള കൂട്ടായ കാഴ്ചപ്പാട് രൂപപ്പെടുത്താനും യോഗം നിർണായകമായ വേദിയായി. 'അലൈനിങ് പ്രയോരിറ്റീസ് ഫോർ റെസിലിയന്റ് സപ്ലൈ ചെയ്ൻ' (Aligning priorities for resilient supply chain) എന്ന പ്രമേയത്തിൽ നടന്ന ഫോറത്തിൽ എ.എൻ.ആർ.പി.സി. അംഗരാജ്യങ്ങളിലെ പ്രതിനിധികൾ, വ്യവസായ പ്രമുഖർ, ചെറുകിട കർഷകസംഘടനകളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ഇന്ത്യ, കംബോഡിയ, മലേഷ്യ, തായ്‌ലൻഡ്, യൂറോപ്പ്, പാപ്പുവ ന്യൂഗിനിയ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ചർച്ചകളിൽ സജീവമായി പങ്കാളികളായി. കാലാവസ്ഥാവ്യതിയാനം, വിതരണ ശൃംഖലയുടെ ഉറവിടം കണ്ടെത്തൽ (traceability), യൂറോപ്യൻ യൂണിയന്റെ വനനാശന നിയന്ത്രണ ചട്ടങ്ങൾ (EUDR), സുസ്ഥിരത ഉറപ്പാക്കുന്നതിനായി വേണ്ടി വരുന്ന വസ്തുക്കൾക്കായുള്ള വർധിച്ചുവരുന്ന ആവശ്യകത തുടങ്ങിയ വിഷയങ്ങൾ ചർച്ചയുടെ കേന്ദ്രബിന്ദുക്കളായി.

സുസ്ഥിരതയെ കേവലം ഒരു നിയമാനുസൃതപാലന വ്യവസ്ഥയായി കാണാതെ, മേഖലയെ ആധുനികവത്ക്കരിക്കുന്നതിനും വിതരണശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും ചെറുകിടകർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ലോകത്തിലെ ഏറ്റവും സുസ്ഥിരമായ വ്യാവസായിക അസംസ്കൃത വസ്തുക്കളിലൊന്നെന്ന നിലയിൽ പ്രകൃതിദത്തറബ്ബറിന്റെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള തന്ത്രപരമായ അവസരമായി ഈ വിഷയത്തെ സമീപിക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി. കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിന് ഡിജിറ്റൈസേഷനും ട്രേസബിലിറ്റിയും അനിവാര്യമായ അടിസ്ഥാനഘടകങ്ങളാണ്. ഇതിന്റെ ഭാഗമായി ഇവിടുത്തെ ഭാരത് സസ്റ്റൈനബിൾ നാച്ചുറൽ റബ്ബർ (ബി.എസ്.എൻ.ആർ.) എന്ന സംവിധാനത്തെക്കുറിച്ച് വിശദീകരിച്ചു. ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ച്ചർ നിലവാരത്തിലുള്ള ഈ പ്ലാറ്റ്ഫോം ഇതിനകം 56,000 ഹെക്ടറിലധികം പ്രദേശം മാപ്പുചെയ്തിട്ടുണ്ട്. 2027 മാർച്ചോടെ 1,50,000 ഹെക്ടർ പ്രദേശം ഉൾപെടുത്തുകയെന്നതാണ് ലക്ഷ്യം.

ആഗോള പ്രകൃതിദത്ത റബ്ബറുത്പാദനത്തിന്റെ ഏകദേശം 85-90 ശതമാനവും ചെറുകിടകർഷകരിൽ നിന്നാണ് ലഭിക്കുന്നത് എന്നതിനാൽ, ചെറുകിടകർഷകരുടെ പങ്കാളിത്തവും അവരെ ഉൾപെടുത്തുന്നതും ചർച്ചകളിലെ പ്രധാന വിഷയമായി. സുസ്ഥിരതാ ചട്ടക്കൂടുകൾ കർഷകർക്കും അവരുടെ സമൂഹങ്ങൾക്കും അധിക ബാധ്യതകൾ ഏൽപ്പിക്കുന്നതിനുപകരം അവരെ ശാക്തീകരിക്കുന്നതായിരിക്കണം. ഭാരത സർക്കാരും നാല് ടയർ കമ്പനികളും ഉൾപെട്ട പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയായ ഇൻറോഡ് (INROAD) പദ്ധതിയെ ഒരു മാതൃകാപരമായ സംരംഭമായി ഫോറത്തിൽ അവതരിപ്പിക്കപ്പെട്ടു.

പ്രതിരോധശേഷിയുള്ള ഒരു മേഖല കെട്ടിപ്പടുക്കുന്നതിന് കൂട്ടായ പ്രവർത്തനവും പങ്കാളിത്വത്തോടെയുള്ള നിക്ഷേപവും അനിവാര്യമാണ്. ഈ വെല്ലുവിളികളെ റബ്ബർമേഖലയിലെ ഒരു വിഭാഗത്തിന് മാത്രമായി നേരിടാനാവില്ല. പൊതുവായ സുസ്ഥിരതാലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സർക്കാരുകൾ, ഉത്പാദകർ, സംസ്കരണ മേഖലയിലുള്ളവർ, വ്യവസായസ്ഥാപനങ്ങൾ, ചെറുകിട കർഷക സംഘടനകൾ, അന്താരാഷ്ട്ര പങ്കാളികൾ എന്നിവർ ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. കാർബൺ ക്രെഡിറ്റിനുള്ള സാധ്യതകളും ജൈവവൈവിധ്യ സംരക്ഷണവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് പ്രകൃതിദത്തറബ്ബർ നൽകുന്ന സംഭാവനയുടെ സാധ്യതകളെക്കുറിച്ചും ചർച്ചകളിൽ പുതിയ കാഴ്ചപ്പാടുകൾ ഉയർന്നുവന്നു. ഡിജിറ്റൽ സിസ്റ്റത്തിൽ പരസ്പരം ബന്ധിപ്പിക്കപ്പെട്ടതും പരിസ്ഥിതിയോട് ഉത്തരവാദിത്തമുള്ളതും സാമൂഹികമായി എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു പ്രകൃതിദത്ത റബ്ബർമേഖല കെട്ടിപ്പടുക്കുന്നതിനായി ഏകോപിതമായ സമീപനം സ്വീകരിക്കാനുള്ള പ്രതിജ്ഞാബദ്ധത ഫോറം രേഖപ്പെടുത്തി. പ്രതിരോധശേഷിയുള്ളതും സുസ്ഥിരവും സമൃദ്ധവുമായ പ്രകൃതിദത്ത റബ്ബർമേഖല എന്ന കാഴ്ചപ്പാട് യാഥാർഥ്യമാക്കുന്നതിനായി എല്ലാ പങ്കാളികളുമായും സഹകരിക്കുന്നതിൽ റബ്ബർബോർഡ് പൂർണ പ്രതിബദ്ധതയോടെ തുടർന്നും ഉണ്ടാകും.

അസോസിയേഷൻ ഓഫ് നാച്ചുറൽ റബ്ബർ പ്രൊഡ്യൂസിങ് കൺട്രീസ് (എ.എൻ.ആർ.പി.സി.), 13 പ്രകൃതിദത്ത റബ്ബറുത്പാദകരാജ്യങ്ങൾ ഉൾപ്പെട്ട ഒരു അന്തർസർക്കാർ സംഘടനയാണ്. ആഗോള പ്രകൃതിദത്ത റബ്ബറുത്പാദനത്തിന്റെ ഏകദേശം 84 ശതമാനവും ഈ രാജ്യങ്ങളിൽ നിന്നാണ് ഉത്പാദിപ്പിക്കുന്നത്.

ആശംസകളോടെ

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്

# എ.എൻ.ആർ.പി.സി. യോഗങ്ങൾക്ക് ഇന്ത്യ ആതിഥേയത്വം വഹിച്ചു

അസ്സോസിയേഷൻ ഓഫ് നാച്ചുറൽ റബ്ബർ പ്രൊഡ്യൂസിങ് കൺട്രീസ് (എ.എൻ.ആർ.പി.സി.) കൊച്ചിയിൽ വെച്ച് നടത്തിയ സുസ്ഥിര പ്രകൃതിദത്ത റബ്ബറിനെക്കുറിച്ചുള്ള വർക്കിങ് ഗ്രൂപ്പിന്റെയും (WGSNR - Working Group on Sustainable Natural Rubber) സുസ്ഥിര പ്രകൃതിദത്ത റബ്ബർ ഫോറ (Forum on Sustainable Natural Rubber) ത്തിന്റെയും യോഗങ്ങൾക്ക് റബ്ബർബോർഡ് ആതിഥേയത്വം വഹിച്ചു. ബംഗ്ലാദേശ്, കംബോഡിയ, ചൈന, ഇന്ത്യ, ഇന്തോനേഷ്യ, മലേഷ്യ, മ്യാൻമർ, പാപുവ ന്യൂ ഗിനിയ, ഫിലിപ്പീൻസ്, സിംഗപ്പൂർ, ശ്രീലങ്ക, തായ്‌ലൻഡ്, വിയറ്റ്നാം എന്നീ പ്രകൃതിദത്ത റബ്ബറുത്പാദകരാജ്യങ്ങൾ ഉൾപെടുന്ന സംഘടനയാണ് ക്വാലാലംപൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എ.എൻ.ആർ.പി.സി. കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള റബ്ബർബോർഡ് എ.എൻ.ആർ.പി.സി. -യിൽ ഭാരതസർക്കാരിനെ പ്രതിനിധീകരിക്കുന്നു.

### സുസ്ഥിര പ്രകൃതിദത്ത റബ്ബറിനെക്കുറിച്ചുള്ള വർക്കിങ് ഗ്രൂപ്പിന്റെ യോഗം

ഒന്നാം ദിവസം, സുസ്ഥിര പ്രകൃതിദത്ത റബ്ബറിനെക്കുറിച്ചുള്ള വർക്കിങ് ഗ്രൂപ്പിന്റെ (WGSNR) എട്ടാമത് യോഗമാണ് നടന്നത്. ഹൈബ്രിഡ് മോഡിലാണ് യോഗം സംഘടിപ്പിച്ചത്. കംബോഡിയ, ഇന്ത്യ, മലേഷ്യ,





*വർക്കിങ് ഗ്രൂപ്പ് യോഗത്തിൽ എം. വസന്തഗേശൻ ഐ.ആർ.എസ്. സംസാരിക്കുന്നു*

പാപുവ ന്യൂ ഗിനിയ, തായ്‌ലൻഡ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. ചൈന, ഇന്തോനേഷ്യ, ഫിലിപ്പീൻസ്, വിയറ്റ്നാം, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ വെർച്വലായിട്ടാണ് യോഗത്തിൽ പങ്കെടുത്തത്.

റബ്ബർബോർഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ആമുഖപ്രസംഗം നടത്തി. എ.എൻ.ആർ.പി.സി. യോഗത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നത് അഭിമാനകരമെന്ന് പറഞ്ഞ അദ്ദേഹം രാജ്യത്തിന്റെ നിലവിലുള്ള സുസ്ഥിര സംരംഭങ്ങളെക്കുറിച്ച് എടുത്തുപറയുകയും ചെയ്തു. ഈ ശ്രമങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ എ.എൻ.ആർ.പി.സി.-യുടെ നിർണായക പങ്ക് അദ്ദേഹം ഊന്നിപ്പറഞ്ഞു. എ.എൻ.ആർ.പി.സി.-യുടെ സെക്രട്ടറി ജനറൽ ഡോ. സുട്ടിപോങ് ആങ്തോങ്, യോഗം സംഘടിപ്പിച്ചതിന് രാജ്യത്തിന് നന്ദി പറഞ്ഞു. യൂറോപ്യൻ യൂണിയന്റെ വനനാശന നിയന്ത്രണ ചട്ടങ്ങൾ (ഇ.യു.ഡി.ആർ.), കാലാവസ്ഥാവ്യതിയാനം തുടങ്ങിയവ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ അംഗരാജ്യങ്ങൾ തമ്മിൽ സഹകരിച്ചു പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു.

ഇന്ത്യൻ റബ്ബർബോർഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. യോഗത്തിന് അധ്യക്ഷത വഹിച്ചപ്പോൾ, കംബോഡിയയിലെ ജനറൽ ഡയറക്ടറേറ്റ് ഓഫ് റബ്ബറിന്റെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ IIU ചുൻ ഉപാധ്യക്ഷൻ ആയിരുന്നു.

### സുസ്ഥിര പ്രകൃതിദത്ത റബ്ബർ ഫോറം

പ്രകൃതിദത്തറബ്ബറിന്റെ വിതരണശൃംഖലയുടനീളം സുസ്ഥിരത, സുതാര്യത, ഉറവിടം കണ്ടെത്താനുള്ള





*റിനിക ഗ്രോവർ*



*ഡോ. ബിനോയ് കെ. കുര്യൻ*



*ഷിമ നസ്രി*



*ബുന്യാനുച്ച് ശ്രീബൂങ്കേവ്*



*നാരി ഊ*

സൗകര്യം എന്നിവയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനാണ് എ.എൻ.ആർ.പി.സി. അംഗരാജ്യങ്ങൾ, അന്താരാഷ്ട്ര സംഘടനകൾ, പ്രകൃതിദത്ത റബ്ബർ വിതരണശൃംഖലയിലെ പങ്കാളികൾ എന്നിവരുടെ പ്രതിനിധികൾ രണ്ടാം ദിവസം ഒത്തുചേർന്നത്.

ഇന്ത്യൻ റബ്ബർബോർഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., എ.എൻ.ആർ.പി.സി. സെക്രട്ടറി ജനറൽ ഡോ. സുട്ടിപോങ് ആങ്തോങ് എന്നിവരുടെ ആമുഖ പ്രസംഗത്തോടെയാണ് ഫോറം ആരംഭിച്ചത്. ഫോറത്തിൽ വിദേശത്തുനിന്നുള്ള 19 പേർ ഉൾപ്പെടെ 97 പേർ നേരിട്ട് പങ്കെടുത്തു. ഹൈബ്രിഡ് രീതിയിൽ സംഘടിപ്പിച്ച ഫോറം, എ.എൻ.ആർ.പി.സി അംഗരാജ്യ പ്രതിനിധികൾക്ക് ഓൺലൈൻ മോഡിൽ യോഗത്തിൽ പങ്കെടുക്കാൻ അവസരം നൽകി. അന്താരാഷ്ട്ര വ്യാപാരത്തിൽ സുസ്ഥിരതയും വിതരണശൃംഖലയിലെ സുതാര്യതയും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഈ സമയത്ത്, പ്രകൃതിദത്ത റബ്ബർ ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിലെ പങ്കാളികൾക്കിടയിൽ സുസ്ഥിരതയിലെ വിദഗ്ധരുമായി ആശയവിനിമയം നടത്തുന്നതിന് ഫോറം ഫലപ്രദമായ ഒരു വേദിയൊരുക്കി.

എ.എൻ.ആർ.പി.സി. -യിലെ സീനിയർ ഇക്കണോമിസ്റ്റ് ഡോ. ലക്ഷ്മി നായർ 'അലൈനിങ് പ്രയോറിറ്റീസ് ഫോർ റെസിലിയന്റ് സപ്ലൈ ചെയ്ൻ (Aligning Priorities for Resilient Supply Chain) എന്ന വിഷയത്തെ അധികരിച്ച് സംസാരിച്ചു. കാലികപ്രാധാന്യമുള്ള വിഷയങ്ങളെ അധികരിച്ചുള്ള അഞ്ച് സെഷനുകളും ഒരു പാനൽ ചർച്ചയുമാണ് ഫോറത്തിന്റെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത്.

'നെറ്റ് സീറോ സപ്ലൈ ചെയ്ൻ വിസിബിലിറ്റി ആന്റ് ഇൻക്ലൂസീവ് അപ്രോച്ച്' (Net-Zero, Supply Chain



*സന്തോഷ് കുമാർ*



*മുഹമ്മദ് ഹഫീസ്*



*സ്റ്റെഫാനോ സാവി*



*മനോജ് വെമ്പു*



*പ്രവീൺ ത്രിപാഠി*



*ജോൺ ഹീത്ത്*



*ഫോറത്തിന്റെ ഭാഗമായി നടന്ന പാനൽ ചർച്ച*

Visibility and Inclusive Approach) എന്ന വിഷയത്തെ അധികരിച്ചുള്ള ഒന്നാമത്തെ സെഷനിൽ റിനിക ഗ്രോവർ (ഗ്ലോബൽ ഹെഡ് – സസ്റ്റൈനബിലിറ്റി ആന്റ് കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി, അപ്പോളോ ടയേഴ്സ്), ഡോ. സത്യ എസ്. ത്രിപാഠി (സെക്രട്ടറി ജനറൽ, ഗ്ലോബൽ അലയൻസ് ഫോർ സസ്റ്റൈനബിൾ പ്ലാനറ്റ്) എന്നിവർ പ്രഭാഷണം നടത്തി.

'സസ്റ്റൈനബിലിറ്റി കമിറ്റ്മെന്റ്സ് ഇംപ്ലിമെന്റേഷൻ ടാർജെറ്റ്സ് ആന്റ് പ്രോഗ്രസ്സ്' (Sustainability Commitments, Implementation Targets, and Progress) എന്ന വിഷയത്തെ അധികരിച്ചുള്ള രണ്ടാമത്തെ സെഷനിൽ ബുന്യാനുച്ച് ശ്രീബൂങ്കേവ് (റബ്ബർ അതോറിറ്റി, തായ്‌ലൻഡ്), ഡോ. ബിനോയ് കെ. കുര്യൻ (ഇന്ത്യൻ റബ്ബർബോർഡ്), ഷിമ നസ്രി (മലേഷ്യൻ റബ്ബർബോർഡ്), നാരി ഊ (ഡിപ്പാർട്ടുമെന്റ് ഓഫ് റബ്ബർ ഡെവലപ്മെന്റ്, കംബോഡിയ) എന്നിവർ സംസാരിച്ചു.

മൂന്നാമത്തെ സെഷൻ ഇൻഡസ്ട്രി പാർട്ടണർഷിപ്പ് കെയ്സ് സ്റ്റഡീസ് (Industry Partnership Case Studies) എന്ന വിഷയത്തെ അധികരിച്ചായിരുന്നു. ഈ സെഷനിൽ സന്തോഷ് കുമാർ (ഹാരിസൺസ് മലയാളം ലിമിറ്റഡ്), അലിസൺ ചാൻ (മിഷേലിൻ), മുഹമ്മദ് ഹഫീസ് (മലേഷ്യൻ റബ്ബർ കൗൺസിൽ), സ്റ്റെഫാനോ സാവി (ഗ്ലോബൽ പ്ലാറ്റ്ഫോം ഫോർ സസ്റ്റൈനബിൾ നാച്ചുറൽ റബ്ബർ, സിംഗപ്പൂർ) എന്നിവർ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു.

അന്താരാഷ്ട്ര പ്രകൃതിദത്ത റബ്ബർവ്യാപാരത്തിന്റെ ഒരു പ്രധാന മാനമായി ഉയർന്നുവന്നിരിക്കുന്ന 'ട്രേസബിലിറ്റി ആന്റ് കംപ്ലയൻസ്' (Traceability and Compliance) ആയിരുന്നു നാലാമത്തെ സെഷന്റെ വിഷയം. മനോജ് വെമ്പു (TRST01, സിംഗപ്പൂർ), പമേല ഏലിയാസ് (യൂറോപ്യൻ ഫോറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്) എന്നിവർ ഈ സെഷനിൽ സംസാരിച്ചു.

അഞ്ചാമത്തെ സെഷന്റെ വിഷയം 'ഇ.യു.ഡി.ആർ. നടപ്പാക്കൽ' (EUDR Implementation) എന്നതായിരുന്നു. ഈ സെഷനിൽ പ്രവീൺ ത്രിപാഠി (അപ്പോളോ ടയേഴ്സ്), ജോൺ ഹീത്ത് (കോറി മാക് കോൾ), ഡോ. ആൻഡ്രിയാസ് ഷേഫർ (ബി.എൽ.ഇ., ജർമൻ കോംപിറ്റന്റ് അതോറിറ്റി ഓൺ ഇ.യു.ഡി.ആർ.) എന്നിവർ പങ്കെടുത്ത് വിവരങ്ങൾ കൈമാറി.

### പാനൽ ചർച്ച

ഫ്യൂച്ചർ പാത് വേയ്സ് ഫോർ സസ്റ്റൈനബിൾ നാച്ചുറൽ റബ്ബർ സപ്ലൈ ചെയിൻ (Future Pathways for Sustainable Natural Rubber Supply Chain) എന്ന വിഷയത്തെ അധികരിച്ച് നടന്ന പാനൽ ചർച്ചയോടെയാണ് ഫോറം അവസാനിച്ചത്. എം. വസന്തഗേശൻ ഐ.ആർ.എസ്. (ഇന്ത്യൻ റബ്ബർബോർഡ്), ഡോ. വിൻയു ക്രോംക്രാറ്റോക്ക് (റബ്ബർ അതോറിറ്റി ഓഫ് തായ്‌ലാൻഡ്), മോഹൻ കുര്യൻ (ആത്മ– ഇൻറോഡ്), ജോൺ ഹീത്ത് (കോറി മാക് കോൾ), ഡോ. സുട്ടിപോങ് ആങ്തോങ് (എ.എൻ.ആർ.പി.സി.) എന്നിവരായിരുന്നു പാനൽ ചർച്ചയിൽ പങ്കെടുത്തത്. എ.എൻ.ആർ.പി.സി. -യിലെ സീനിയർ ഇക്കണോമിസ്റ്റ് ആയ ഡോ. ലക്ഷ്മി നായർ ആയിരുന്നു പാനൽ ചർച്ചയുടെ മോഡറേറ്റർ.

എ.എൻ.ആർ.പി.സി. സെക്രട്ടറി ജനറൽ ഡോ. സുട്ടിപോങ് ആങ്തോങ് സമാപന പ്രസംഗം നടത്തി. തുടർന്ന് ദേശീയഗാനത്തോടുകൂടി യോഗം അവസാനിച്ചു. •



ഡോ. അമ്പിളി കെ.കെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

## റബ്ബറിന്

# രണ്ടാംഗഡു വളമിടാറായി

റബ്ബറിന്റെ ആരോഗ്യകരമായ വളർച്ചയ്ക്കും ഉയർന്ന ഉത്പാദനക്ഷമതയ്ക്കും ആവശ്യമായ പോഷകങ്ങൾ കൃത്യമായ സമയത്ത് ലഭ്യമാക്കുന്നതിൽ വളപ്രയോഗത്തിന് നിർണായക പങ്കുണ്ട്. റബ്ബർബോർഡിന്റെ ശുപാർശപ്രകാരം റബ്ബർതോട്ടങ്ങളിൽ വർഷത്തിൽ രണ്ടു തവണ വളപ്രയോഗം നടത്തണം. ആദ്യഗഡു ഏപ്രിൽ മെയ് മാസങ്ങളിലും രണ്ടാം ഗഡു സെപ്റ്റംബർ -ഒക്ടോബർ മാസങ്ങളിലുമായി രണ്ടു തുല്യ ഗഡുക്കളായാണ് നൽകേണ്ടത്.

റബ്ബറിന്റെ വളർച്ചാകാലത്തെ പ്രധാനമായും അപക്വകാലം (Immature Phase), പക്വകാലം (Mature Phase) എന്നിങ്ങനെ രണ്ടു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ ഘട്ടത്തിലും ചെടിയുടെ പോഷകാവശ്യകതയിൽ വ്യത്യാസമുള്ളതിനാൽ വളപ്രയോഗത്തിന്റെ അളവിലും രീതിയിലും വ്യത്യാസമുണ്ട്. ചെടിയുടെ പ്രായം, വളർച്ചയുടെ ഘട്ടം, മണ്ണിന്റെ സ്വഭാവം എന്നിവ കൂടി പരിഗണിച്ചാണ് വളപ്രയോഗം ക്രമീകരിക്കേണ്ടത്. റബ്ബറിന് ആവശ്യമായ പോഷകങ്ങൾ സമീകൃതവും ശാസ്ത്രീയവുമായ രീതിയിൽ ലഭ്യമാക്കുന്നതിനായി, വിവിധ വളർച്ചാഘട്ടങ്ങളിലേക്കുള്ള റബ്ബർബോർഡിന്റെ വളപ്രയോഗശുപാർശകൾ താഴെ വിശദീകരിക്കുന്നു.

### പൊതുവളപ്രയോഗ ശുപാർശ (General Fertilizer Recommendation - GFR)

മണ്ണിന്റെ പ്രത്യേകതയോ പോഷകമൂലകങ്ങളുടെ ലഭ്യതയോ കണക്കിലെടുക്കാതെ എല്ലാ സ്ഥലത്തേക്കുമുള്ള പൊതുവായ വളപ്രയോഗശുപാർശയാണിത്. ഇതിൽ തന്നെ പരമ്പരാഗതമേഖല (കേരളം, തമിഴ്



**പട്ടിക ഒന്ന്: പരമ്പരാഗതമേഖല (കേരളം, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ല, കർണാടകയുടെ ചില ഭാഗങ്ങൾ) -കളിലെ ഒന്നു മുതൽ നാലു വരെ വർഷം പ്രായമുള്ള റബ്ബർതൈകൾക്ക് നേർവളങ്ങൾ ഉപയോഗിച്ചുള്ള പൊതു വളപ്രയോഗശുപാർശ.**

| മരങ്ങളുടെ പ്രായം | നേർവളങ്ങൾ (ഗ്രാമിൽ ഒരു തൈയ്ക്ക്) | | | | | | | |
|---|---|---|---|---|---|---|---|---|
| | യൂറിയ (46% N) | | റോക്ക് ഫോസ്ഫേറ്റ് (18% $P_2O_5$) | | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (60% $K_2O$) | | മഗ്നീഷ്യം സൾഫേറ്റ് (16% MgO) | |
| | ഏപ്രിൽ/ മെയ് | സെപ്റ്റംബർ/ ഒക്ടോബർ | ഏപ്രിൽ/ മെയ് | സെപ്റ്റംബർ/ ഒക്ടോബർ | ഏപ്രിൽ/ മെയ് | സെപ്റ്റംബർ/ ഒക്ടോബർ | ഏപ്രിൽ/ മെയ് | സെപ്റ്റംബർ/ ഒക്ടോബർ |
| ഒന്നാം വർഷം* | - | 100 | - | 250 | - | 30 | - | 40 |
| രണ്ടാം വർഷം | 100 | 100 | 250 | 250 | 30 | 30 | 40 | 40 |
| മൂന്നാം വർഷം | 120 | 120 | 300 | 300 | 40 | 40 | 50 | 50 |
| നാലാം വർഷം** | 100 | 100 | 250 | 250 | 30 | 30 | 40 | 40 |

** -ബഡ്ഡുതൈകളാണ് നടുന്നതെങ്കിൽ ശുപാർശ ചെയ്തിരിക്കുന്ന വളത്തിന്റെ പകുതി ആദ്യവർഷം ഇടാവുന്നതാണ്.*

***- തോട്ടപ്പയറോ, ഇടവിളകളോ ഇല്ലാത്ത തോട്ടങ്ങളിൽ മൂന്നാം വർഷത്തെ അളവ് തന്നെ നാലാം വർഷവും ഇടാവുന്നതാണ്.*

നാട്ടിലെ കന്യാകുമാരി ജില്ല, കർണാടകയിലെ കുറച്ചു ഭാഗങ്ങൾ എന്നിവ ചേർന്നുള്ള സ്ഥലങ്ങൾ) -യിലേക്ക് പൊതുവായി വളപ്രയോഗശുപാർശയുണ്ട്. കൂടാതെ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ (North-Eastern States), മറ്റ് പരമ്പരാഗതമല്ലാത്ത പ്രദേശങ്ങൾ (Non-Traditional Region) എന്നിവിടങ്ങളിലേക്കും പ്രത്യേകം വളപ്രയോഗശുപാർശയുണ്ട്.

പരമ്പരാഗത മേഖലയിൽ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ റബ്ബറിന്റെ അപക്വകാലത്ത് മഗ്നീഷ്യം സൾഫേറ്റ് ചേർത്തുകൊടുക്കണം. എന്നാൽ തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ പൊതുവെ മണ്ണിൽ മഗ്നീഷ്യത്തിന്റെ അളവ് കൂടുതലായിരിക്കും. ഇവിടങ്ങളിൽ മഗ്നീഷ്യത്തിന്റെ കുറവ് ചെടികളിൽ പ്രകടമാണെങ്കിൽ മാത്രം ചേർത്തു കൊടുത്താൽ മതി.

**പട്ടിക രണ്ട്: പരമ്പരാഗത മേഖലയിലെ അഞ്ചാം വർഷം മുതലുള്ള (ടാപ്പു ചെയ്യുന്നവ ഉൾപ്പെടെ) മരങ്ങൾക്ക് നേർവളങ്ങൾ ഉപയോഗിച്ചുള്ള പൊതു വളപ്രയോഗ ശുപാർശ**

| മരങ്ങളുടെ പ്രായം | നേർവളങ്ങൾ (കിലോഗ്രാം / ഹെക്ടർ /വർഷം) | | |
|---|---|---|---|
| | യൂറിയ | റോക്ക് ഫോസ്ഫേറ്റ് | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് |
| അഞ്ചാം വർഷം മുതൽ ടാപ്പു ചെയ്യുന്ന മരങ്ങൾ ഉൾപ്പെടെ (അനുപാതം 30-20-30) | 65* | 110* | 50* |

** - രണ്ടു തുല്യതവണകളായി ഏപ്രിൽ-മെയ്, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നൽകാവുന്നതാണ്.*

**പട്ടിക മൂന്ന്: പാരമ്പര്യേതരമേഖലകളിലെ അഞ്ചാം വർഷം മുതലുള്ള (ടാപ്പു ചെയ്യുന്നവ ഉൾപ്പെടെയുള്ള) മരങ്ങൾക്ക് നേർവളങ്ങൾ ഉപയോഗിച്ചുള്ള പൊതുവളപ്രയോഗ ശുപാർശ (ഒരു ഹെക്ടറിന് ഒരു വർഷത്തേക്ക്)**

| വിവിധ മേഖലകൾ | വളങ്ങളുടെ അളവ് | | സൂക്ഷ്മ മൂലകങ്ങളുടെ അളവ് | | |
|---|---|---|---|---|---|
| | യൂറിയ | റോക്ക് ഫോസ്ഫേറ്റ് | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് | ബൊറാക്സ് (ഒരു പ്രാവശ്യം മാത്രം) | സിങ്ക് സൾഫേറ്റ് (ഒരു പ്രാവശ്യം മാത്രം) |
| കർണ്ണാടക, കൊങ്കൺ പ്രദേശം (ഗോവ, മഹാരാഷ്ട്ര) | 65 | 165 | 50 | 10 | 25 |
| ആന്ധ്രാപ്രദേശ് * (ഡൈ അമോണിയ ഫോസ് ഫേറ്റ്/ഫാക്റ്റംഫോസ്) | 40 | 65 | 50 | - | - |
| ഒഡീഷ | 65 | 165 | 40 | 10 | 25 |
| അരുണാചൽ പ്രദേശ്, അസം, മണിപ്പൂർ മേഘാലയ, ത്രിപുര, നാഗാലാൻഡ്, പശ്ചിമ ബംഗാൾ | 75 | 195 | 60 | 10 | 25 |
| മിസോറാം | 75 | 195 | 50 | 10 | - |

**- ആന്ധ്രാപ്രദേശിൽ റോക്ക് ഫോസ്ഫേറ്റിനു പകരം ഡൈ അമോണിയം ഫോസ്ഫേറ്റ് (DAP) ഉപയോഗിക്കണം.*

പരമ്പരാഗത മേഖലയിലെ അഞ്ചാം വർഷം മുതലുള്ള (ടാപ്പു ചെയ്യുന്നവ ഉൾപ്പെടെയുള്ള) മരങ്ങൾക്ക് വളമിശ്രിതങ്ങൾ ഉപയോഗിച്ചും വളപ്രയോഗം നടത്താം. 12-8-12 എന്ന വളമിശ്രിതമാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു ഹെക്ടറിന് ഒരു വർഷത്തേക്ക് 250 കിലോഗ്രാം മതിയാകും. 10-10-10 എന്ന വളമിശ്രിതമാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു ഹെക്ടറിന് ഒരു വർഷത്തേക്ക് 200 കി. ഗ്രാം മിശ്രിതത്തിന്റെ കൂടെ 20 കി. ഗ്രാം യൂറിയയും 15 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും ചേർത്ത് ഉപയോഗിക്കണം.

20-20-0 എന്ന വളമിശ്രിതമാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു ഹെക്ടറിന് ഒരു വർഷത്തേക്ക് 100 കി. ഗ്രാം മിശ്രിതത്തിന്റെ കൂടെ 20 കി. ഗ്രാം യൂറിയയും 50 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും ചേർത്ത് ഉപയോഗിക്കണം.

### സൂക്ഷ്മ മൂലകങ്ങൾ

സൂക്ഷ്മ മൂലകങ്ങളായ ബോറോണിന്റെ കുറവനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഹെക്ടറിന് 10 കി. ഗ്രാം ബൊറാക്സും സിങ്കിന്റെ കുറവനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഹെക്ടറിന് 25 കി. ഗ്രാം സിങ്ക് സൾഫേറ്റും ഒരു പ്രാവശ്യം മാത്രം ചേർത്തു കൊടുക്കാം.

### മറ്റ് പൊതുശുപാർശകൾ

1. മണ്ണിൽ നല്ല ജൈവാംശവും ഒരു മീറ്ററിലധികം മണ്ണാഴവും ഉള്ളപ്പോൾ മൂന്നു വർഷം തുടർച്ചയായി വളം ഇടേണ്ടതില്ല. എന്നാൽ അതിനുശേഷം നിർബന്ധമായും മണ്ണ്, ഇല എന്നിവ പരിശോധിച്ച് പോഷകമൂലകങ്ങളുടെ അഭാവം മണ്ണിലില്ല എന്ന് ഉറപ്പുവരുത്തണം. പോഷകമൂലകങ്ങളുടെ കുറവോ അസന്തുലിതാവസ്ഥയോ കണ്ടാൽ തീർച്ചയായും വളപ്രയോഗം നടത്തേണ്ടതാണ്.

2. മണ്ണിലെ pH മൂല്യം 5-ൽ താഴെയും കാൽസ്യത്തിന്റെ അളവ് 100 മി. ഗ്രാം / കി. ഗ്രാമിൽ (mg/Kg) കുറവും ആകുകയാണെങ്കിൽ പൊടിച്ച നീറ്റുകക്ക 1-1.5 കി.ഗ്രാം ഒരു മരത്തിന് എന്ന കണക്കിൽ പ്രധാന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം (യൂറിയ, റോക്ക് ഫോസ്ഫേറ്റ്, പൊട്ടാഷ്) ഇവ ചേർത്തു കൊടുക്കുന്നതിന് രണ്ടാഴ്ചമുൻപ് മണ്ണിൽ ആവശ്യത്തിന് ഈർപമുള്ളപ്പോൾ ചേർത്തുകൊടുക്കാവുന്നതാണ്.




സൂക്ഷ്മ മൂലകങ്ങൾ പ്രധാനവളങ്ങൾ ചേർത്ത് രണ്ടാഴ്ച കഴിഞ്ഞ് മണ്ണിൽ ഈർപമുള്ളപ്പോൾ ചേർത്തുകൊടുക്കേണ്ടതാണ്.

### വിവേചനാപൂർവ്വകമായ വളപ്രയോഗം (Discriminatory Fertilizer Recommendation) - DFR)

മണ്ണും ഇലയും പരിശോധിച്ച് അതതു തോട്ടങ്ങളിലെ പോഷകസ്ഥിതിക്കനുസരിച്ച് ആവശ്യമായ വളങ്ങൾ മാത്രം വേണ്ടത്ര അളവിൽ ചേർത്തുകൊടുക്കുന്നതാണ് ഈ രീതി. മണ്ണിലെ പോഷകമൂലകങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് യോജിച്ച ഈ വളപ്രയോഗരീതി വളരെ ചെലവ് കുറഞ്ഞതുമാണ്. ഇതിനായി തോട്ടത്തിലെ മണ്ണിന്റെയും ഇലയുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനാവിധേയമാക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2353311 (എക്സ്റ്റൻഷൻ നമ്പർ - 321, 303) അല്ലെങ്കിൽ റബ്ബർബോർഡ് കോൾസെന്റർ - 0481 2576622

റബ്സിസ് (RubSIS) ഇതിൽ 2012-ലെ സർവെയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു ഓൺലൈൻ വളപ്രയോഗശുപാർശ ലഭ്യമാണ്. റബ്ബർബോർഡ് വെബ്സൈറ്റിൽ (www.rubberboard.gov.in) ഇതിന്റെ ലിങ്ക് ലഭ്യമാണ്. •

# ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ ഡി.യു.എസ്. സെന്റർ ഉദ്ഘാടനം ചെയ്തു



*റബ്ബർബോർഡ് ചെയർമാൻ എൻ. ഹരി ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഡി.യു.എസ്. സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുന്നു.*

റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. -ന്റെ സാന്നിധ്യത്തിൽ റബ്ബർബോർഡ് ചെയർമാൻ എൻ. ഹരി ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ ഡി.യു.എസ്. സെന്റർ (DUS Centre) ഉദ്ഘാടനം ചെയ്തു. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി., ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. ദേബബ്രത റായ്, ഡയറക്ടർ ട്രെയിനിങ് പ്രിയ വർമ്മ, റബ്ബർബോർഡിലെ ശാസ്ത്രജ്ഞർ മറ്റ് ഉദ്യോഗസ്ഥർ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

സസ്യ ഇനങ്ങൾ, കർഷകരുടെയും സസ്യപ്രജനകരുടെയും അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും പുതിയ റബ്ബറിനങ്ങൾ ഉൾപ്പടെയുള്ള സസ്യ ഇനങ്ങൾ വികസിപ്പിക്കുന്നതിനുമായി ഭാരതസർക്കാർ നടപ്പാക്കിയ നിയമമാണ് 'സസ്യ ഇനങ്ങളുടെയും കർഷകരുടെയും അവകാശ സംരക്ഷണ നിയമം, 2001' (PPV & FRA Act, 2001 - Protection of Plant Varieties and Farmers' Rights Act). ഈ നിയമനിർവഹണത്തിനായി ഭാരതസർക്കാരിന്റെ കൃഷി-കർഷകക്ഷേമ മന്ത്രാലയത്തിന് കീഴിൽ സസ്യ ഇനങ്ങളുടെയും കർഷകരുടെയും അവകാശ സംരക്ഷണ അതോറിറ്റി (PPV&FRA) ന്യൂഡൽഹിയിൽ പ്രവർത്തിക്കുന്നു.

മേൽപറഞ്ഞ നിയമത്തിന്റെ അടിസ്ഥാനത്തിൽ, പുതിയ റബ്ബർ *(Hevea brasiliensis)* ഇനങ്ങളുടെ രജിസ്ട്രേഷൻ സുഗമമാക്കുന്നതിനായി വ്യതിരിക്തത (Distinctiveness), ഏകീകൃതത (Uniformity), സ്ഥിരത (Stability) എന്നിവ പരിശോധിക്കുന്നതിനായി ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം തയ്യാറാക്കിയ ഡി.യു.എസ്. പരിശോധനാമാർഗനിർദേശങ്ങൾക്ക് PPV & FRA അംഗീകാരം നൽകിയിട്ടുണ്ട്. ഇവ ഇന്ത്യാഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.



*ഡി.യു.എസ്. സെന്ററിൽ റബ്ബർബോർഡ് ചെയർമാൻ എൻ. ഹരി റബ്ബർതൈ നടുന്നു.*

രാജ്യത്ത് വികസിപ്പിച്ചെടുക്കുന്ന എല്ലാ പുതിയ റബ്ബറിനങ്ങളുടെയും ഡി.യു.എസ്. പരിശോധന നടത്തുന്നതിനുള്ള നോഡൽ ഡി.യു.എസ്. സെന്ററായി ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം പ്രവർത്തിക്കും. ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഡി.യു.എസ്. പരിശോധനാ നടപടിക്രമം പൂർത്തിയാക്കിയ ശേഷമായിരിക്കും പുതിയ റബ്ബറിനങ്ങളുടെ രജിസ്ട്രേഷൻ നടത്തുക.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ ഡി.യു.എസ്. സെന്ററിൽ 50-ലധികം തദ്ദേശീയവും വിദേശീയവുമായ റബ്ബറിനങ്ങൾ ഉൾപ്പെടുന്ന ഒരു റഫറൻസ് ശേഖരം (Reference Collection) ഉണ്ടായിരിക്കും. PPV & FRA Act, 2001 പ്രകാരം പുതിയ റബ്ബറിനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഡി.യു.എസ്. പരിശോധനയിൽ, ഈ റഫറൻസ് ശേഖരം ഉപയോഗിക്കും.



ഡോ. സി. കുരുവിള ജേക്കബ്

# ചൈനയിലെ ടാപ്പിങ്‌യന്ത്രങ്ങൾ

ചൈനയിലെ ഉഷ്ണമേഖലാവിളകൾക്കായുള്ള സൊസൈറ്റിയും ചൈന ഉഷ്ണമേഖലാകാർഷിക അക്കാദമിയും രാജ്യാന്തര റബ്ബർ ഗവേഷണ വികസനബോർഡു (ഐ.ആർ.ആർ.ഡി.ബി.) മായി ചേർന്ന് സുസ്ഥിര റബ്ബർകൃഷി വികസനമാർഗങ്ങൾ എന്ന വിഷയത്തിൽ ചൈനയിലെ ഹായ്ക്കു നഗരത്തിൽ ഒരു സമ്മേളനം നടത്തി. ഈ സമ്മേളനത്തിൽ ഇന്ത്യൻ റബ്ബർമേഖലയിലെ സുസ്ഥിര കാർഷികവികസന പ്രവർത്തനങ്ങളെക്കുറിച്ച് ഒരു പ്രഭാഷണം നടത്തുന്നതിനുള്ള അവസരം ലേഖകന് ലഭിച്ചു. ചൈനയിലെ റബ്ബർകൃഷി മേഖലയായ ഹായ്നാൻ ദ്വീപിന്റെ തലസ്ഥാനമാണ് ഹായ്ക്കു. റബ്ബറുത്പാദകരാജ്യങ്ങളായ തായ്‌ലൻഡ്, മലേഷ്യ, ഫിലിപ്പീൻസ് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ചൈനയിലെ റബ്ബർഗവേഷകർ, തോട്ടവികസനപ്രവർത്തകർ എന്നിവരുമായി സംവദിക്കുന്നതിന് ഈ അവസരം പ്രയോജനപ്പെട്ടു. റബ്ബർതോട്ടങ്ങളുടെ സുസ്ഥിരവികസനത്തിന് ഈ രാജ്യങ്ങളിൽ അനുവർത്തിക്കുന്ന സമ്പ്രദായങ്ങളാണ് അവിടെ ചർച്ച ചെയ്യപ്പെട്ടത്.

ചൈനയിലെ റബ്ബർകൃഷി ഗവേഷണ വികസന പ്രവർത്തനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ അറിയുന്നതിന് ഈ സമ്മേളനം അവസരമൊരുക്കി. ചൈനയിൽ ഏതാണ്ട് 11 ലക്ഷം ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷിയുണ്ട്. ഇത് പ്രധാനമായി രണ്ടു പ്രവിശ്യകളിലാണ്. ഹയ്നാൻ എന്ന ദ്വീപിൽ അഞ്ചുലക്ഷത്തോളം ഹെക്ടറിലും യുന്നാൻ എന്ന തെക്കുപടിഞ്ഞാറൻ പ്രവിശ്യയിൽ ആറ് ലക്ഷം ഹെക്ടറിലും റബ്ബർകൃഷിയുണ്ട്. തദ്ദേശീയമായ ഗവേഷണങ്ങളിലൂടെ വികസിപ്പിച്ചെടുത്ത റേയൻ 917, റേയൻ 879, യുന്നാൻ 77-4, ഡാഫെങ്-95 എന്നീ ഇനങ്ങൾക്കു പുറമേ മലേഷ്യൻ ഇനമായ ആർആർഐഎം 600, ഇന്തോനേഷ്യയിൽ നിന്നുള്ള ജി.റ്റി.1, പി.ആർ. 107 മുതലായ ഇനങ്ങളാണ് വ്യാപകമായി കൃഷിചെയ്യുന്നത്. വിവിധ ഇന



*ടാപ്പിങ്‌യന്ത്രം മരത്തിൽ പിടിപ്പിച്ചിരിക്കുന്നു*

ങ്ങൾക്കും കൃഷിചെയ്യുന്ന പ്രദേശങ്ങൾക്കും അനുസരിച്ച് ഉത്പാദനക്ഷമതയിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ശരാശരി ഉത്പാദനക്ഷമത ഹെക്ടറിന് ഏതാണ്ട് 1200 കിലോഗ്രാമാണ്. കടുത്ത ശീതകാലവും വീശിയടിക്കുന്ന കാറ്റും ഉത്പാദനത്തെ ബാധിക്കുന്നു. എങ്കിലും ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ കൃഷിക്കാരുടെയും സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ട്. ചൈനയിലെ റബ്ബർ ഉപഭോഗം ആഗോള ഉത്പാദനത്തിന്റെ 45 ശതമാനമാണ്. അതിനാൽ, ഉത്പാദനവർധന ആവശ്യമാണെങ്കിലും കൃഷിക്ക് അനുകൂലമായ കാലാവസ്ഥയുള്ള പ്രദേശങ്ങളുടെ കുറവ് ഉത്പാദനവർധനയ്ക്ക് തടസ്സമാകുന്നു.

റബ്ബർടാപ്പിങ് രംഗത്ത് ചൈനയിൽ നടക്കുന്ന വികസനങ്ങൾ ആരെയും അത്ഭുതപ്പെടുത്തുന്നവയാണ്. തോട്ടത്തിലെ ഭൂരിഭാഗം മരങ്ങളും ചുവട്ടിൽനിന്ന് ഒരു മീറ്റർ ഉയരത്തിൽ 50 സെന്റീമീറ്റർ വണ്ണമെത്തുമ്പോഴാണ് ടാപ്പിങ് ആരംഭിക്കുന്നത്. 'V' ആകൃതിയിലുള്ള മുനയോടുകൂടിയ ടാപ്പിങ് കത്തികളാണ് പ്രചാരത്തിലുള്ളത്. ഒരു ടാപ്പർ ദിവസം ഏതാണ്ട് 450-500 മരങ്ങൾ ടാപ്പുചെയ്യുന്നു. പാൽ ചിരട്ടയിൽ ഉറകൂട്ടി അടുത്ത ടാപ്പിങ് സമയത്ത് ശേഖരിക്കുന്ന രീതിയാണ് കൂടുതലായി പ്രചാരത്തിലുള്ളത്. ഇങ്ങനെ ശേഖരിച്ച റബ്ബർകട്ടകൾ ഫാക്ടറികളിലെത്തിച്ച് ബ്ലോക്കുറബ്ബറാക്കി മാറ്റുന്നു.

ടാപ്പിങ് യന്ത്രവത്ക്കരിക്കുന്നതിനുള്ള ശ്രമങ്ങളിൽ ചൈന മുൻപന്തിയിലാണ്. സാധാരണ ടാപ്പിങ് കത്തിയുടെ പിടിക്കുള്ളിൽ ചാർജ് ചെയ്യാവുന്ന ചെറിയ ബാറ്ററി പിടിപ്പിച്ച് കത്തിക്ക് ആയം നൽകി ടാപ്പിങ് ആയാസരഹിതമാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. എന്നാൽ ഇത്തരം കത്തികൾ ഉപയോഗിക്കുമ്പോൾ വെട്ടുചാലിന്റെ ആഴവും ചെരിവും വെട്ടുചീളിന്റെ കനവും നിയന്ത്രിക്കേണ്ടത് ടാപ്പർ ആയതിനാൽ ടാപ്പിങ് പരിശീലനം ലഭിച്ച ഒരാൾക്കു മാത്രമെ അവ ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയുകയുള്ളൂ.

യന്ത്രവത്കൃത ടാപ്പിങ് കത്തിയും ഉപയോഗത്തിലുണ്ട്. ഇത്തരം കത്തിയിലെ ബ്ലേഡ്, പിടിക്കുള്ളിൽ പിടിപ്പിച്ചിരിക്കുന്ന മോട്ടോർ ഉപയോഗിച്ച് ചലിപ്പിക്കുന്നു. വെട്ടുചാലിന്റെ ആഴവും പട്ട അരിയുന്നതിന്റെ കനവും മുൻകൂട്ടി ക്രമപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ ടാപ്പിങ്മെഷീനിലുണ്ട്. ടാപ്പറുടെ തോളിലോ അരയിലോ ബന്ധിപ്പിച്ച ബാറ്ററി ഉപയോഗിച്ചാണ് യന്ത്രം പ്രവർത്തിക്കുന്നത്. ഇത്തരം യന്ത്രങ്ങൾ ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും ചൈനയിൽ കണ്ട യന്ത്രത്തിന് ഭാരം തീരെ കുറവാണ്, ഏതാണ്ട് 650 ഗ്രാം മാത്രം. അതുകൊണ്ട് ടാപ്പിങ് വളരെ സുഗമമാണ്. ടാപ്പർക്ക് തീരെ ക്ഷീണം തോന്നുകയില്ല. ഈ യന്ത്രം ഉപയോഗിക്കുമ്പോൾ വെട്ടുചാലിന്റെ ആഴവും വെട്ടുചീളിന്റെ കനവും ടാപ്പിങ് യന്ത്രത്തിന്റെ നിയന്ത്രണത്തിലായതിനാൽ ടാപ്പിങ്പരിശീലനം ലഭിക്കാത്തവർക്കും ഇവ ഉപയോഗിച്ച് റബ്ബർ ടാപ്പുചെയ്യാം. ഒരു പ്രാവശ്യം ബാറ്ററി ചാർജുചെയ്താൽ 400 മരങ്ങൾ ടാപ്പുചെയ്യാം. യന്ത്രത്തിലെ ബ്ലേഡുകൾ ആറുമാസത്തിലൊരിക്കൽ മാറ്റേണ്ടി വന്നേക്കാം. ഒരു ടാപ്പിങ് യന്ത്രത്തിന്റെ വില (ബാറ്ററിയുൾപ്പെടെ) 18,000 ഇന്ത്യൻ രൂപയാണ്.

ഇതിനെല്ലാം ഉപരിയായി അതിശയകരമായി തോന്നിയത് ആട്ടോമേറ്റഡ് ടാപ്പിങ് സംവിധാനമാണ്. ഇതിന്റെ ഭാഗമായി ഓരോ ചെറിയ യന്ത്രങ്ങൾ ഓരോ മരത്തിലും പിടിപ്പിച്ചിരിക്കുന്നു. അത് പ്രവർത്തിപ്പിക്കുന്നതിന് വേണ്ട വൈദ്യുതി ലഭിക്കുന്നതിന് ചെറിയ സോളാർപാനലും ബാറ്ററിയും ഘടിപ്പിച്ചിട്ടുണ്ട്. മരങ്ങളിൽ വെട്ടുപട്ടയുടെ മുകളിലും താഴെയുമായി ഉറപ്പിച്ചിരിക്കുന്ന യന്ത്രത്തിലെ കത്തി, ഒരു ചെരിവുള്ള ചാലിലൂടെ നീങ്ങുമ്പോൾ കൃത്യമായ കനത്തിലും ആഴത്തിലും പട്ട അരിഞ്ഞ് ടാപ്പിങ് നടക്കുന്നു. തോട്ടത്തിലെ മരങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന യന്ത്രങ്ങളെല്ലാം ഒരു മൊബൈൽഫോണിലെ ആപ്ലിക്കേഷനുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ ആ മരങ്ങൾ എല്ലാം ഒരുമിച്ച്



*ടാപ്പിങ്യന്ത്രം പിടിപ്പിച്ചിരിക്കുന്ന മരത്തിനരികിൽ ലേഖകൻ*



*ടാപ്പിങ്മെഷീൻ ഉപയോഗിച്ച് ലേഖകൻ ടാപ്പുചെയ്തുനോക്കുന്നു*

## ഐ.ഐ.പി.എം.-ൽ അന്താരാഷ്ട്ര കോൺഫറൻസ്



*കേന്ദ്രമന്ത്രി ശോഭ കരന്ദ്‌ലാജെ റബ്ബർബോർഡിന്റെ എക്സിബിഷൻ സ്റ്റാൾ സന്ദർശിച്ചപ്പോൾ. റബ്ബർ പ്രൊഡക് ഷൻ കമ്മീഷണർ ഡോ. സിജു റ്റി. സമീപം (വലത്ത്).*

ബെംഗളൂരു ആസ്ഥാനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെന്റ് (ഐ.ഐ.പി.എം.) അഗ്രി ടെക് ആന്റ് പ്ലാന്റേഷൻ മാനേജ്മെന്റ് എന്ന വിഷയത്തിൽ അന്താരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിച്ചു. കോൺഫറൻസിലും ഇതിനോടനുബന്ധമായി നടത്തിയ എക്സിബിഷനിലും റബ്ബർബോർഡ് പങ്കെടുത്തു.

ഭാരതസർക്കാരിന്റെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ.), തൊഴിൽ- തൊഴിലാളി വകുപ്പ് സഹമന്ത്രി ശോഭ കരന്ദ്‌ലാജെയാണ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തത്. രണ്ടുദിവസം നീണ്ടുനിന്ന സമ്മേളനത്തിൽ കാർഷിക രംഗത്തെ സംരംഭകത്വത്തെ ആസ്പദമാക്കി നിരവധി പ്രബന്ധങ്ങൾ അവതരിപ്പിച്ചു. റബ്ബർബോർഡിന്റെ ഗവേഷണ-വികസന പ്രവർത്തനങ്ങൾ, സേവനങ്ങൾ, കർഷകക്ഷേമ പദ്ധതികൾ, വിവിധ മേഖലകളിലെ ശ്രദ്ധേയമായ നേട്ടങ്ങൾ എന്നിവ വിശദീകരിക്കുന്നതായിരുന്നു ബോർഡിന്റെ സ്റ്റാൾ.



*ചാർജ് ചെയ്യാവുന്ന ബാറ്ററി പിടിപ്പിച്ച കത്തി*



*റോബോട്ട് ഉപയോഗിച്ച് ടാപ്പുചെയ്യുന്നു*

ടാപ്പുചെയ്യാം. തോട്ടത്തിലെ എല്ലാ മരങ്ങളിലും പിടിപ്പിച്ചിരിക്കുന്ന യന്ത്രങ്ങൾ ഒരു ടൈമറിൽ ബന്ധിച്ച് നേരത്തെ പ്രോഗ്രാം ചെയ്തിരിക്കുന്ന സമയത്ത് ഒരുമിച്ച് ടാപ്പുചെയ്യാൻ സാധിക്കുന്നു. റബ്ബർപാൽ കൂടുതൽ ലഭിക്കുന്ന സമയത്ത്, അതിരാവിലെതന്നെ എല്ലാ മരങ്ങളും ഇങ്ങനെ ടാപ്പുചെയ്യുമ്പോൾ അധിക വിളവ് ലഭിക്കുന്നു. ഇത്തരം യന്ത്രങ്ങൾ പിടിപ്പിച്ച, സർക്കാർ ഉടമസ്ഥതയിലുള്ള ഒരു വലിയ തോട്ടം സന്ദർശിക്കുന്നതിനും ടാപ്പിങ് കാണുന്നതിനും സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾക്ക് അവസരം ലഭിച്ചു. ഈ യന്ത്രം ഒരു മരത്തിൽ പിടിപ്പിക്കാൻ ഏകദേശം 5,700 ഇന്ത്യൻ രൂപ ചെലവുവരും. ഉത്പാദകർക്ക് ഏതാനും മാസങ്ങൾക്കു മുൻപു മാത്രമാണ് ഇതിന് പേറ്റന്റ് ലഭിച്ചത്. വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിച്ചിട്ടില്ല. അതിനുള്ള തയ്യാറെടുപ്പിലാണവർ. വൻതോതിൽ ഉത്പാദിപ്പിക്കുമ്പോൾ വില കുറയുമെന്നാണ് അവർ അറിയിച്ചത്.

റബ്ബർടാപ്പിങ് റോബോട്ടുകളാണ് മറ്റൊരു പുതിയ കണ്ടുപിടുത്തം. ഇവ ഇപ്പോൾ പരീക്ഷണഘട്ടത്തിലാണ്. ഈ പരീക്ഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ശാസ്ത്രജ്ഞർ ഇവയുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ച് പ്രവർത്തനങ്ങൾ വിവരിക്കുകയും ചെയ്തു.

റബ്ബർമരങ്ങൾ നിൽക്കുന്ന പ്ലാറ്റ്ഫോമിലൂടെ അനായാസം സഞ്ചരിക്കാവുന്ന ചെയിൻ ചക്രങ്ങൾ പിടിപ്പിച്ച വീതികുറഞ്ഞ മെഷീനുകൾ ആണ് ഇവ. അതിനാൽ ഒരു റോബോട്ടിന് അനേകം മരങ്ങൾ ടാപ്പുചെയ്യാം. സിഗ്നലുകളുടെ സഹായത്തോടെ വെട്ടുചാലുകൾ കണ്ടുപിടിച്ച് കൃത്യമായ ആഴത്തിലും ചെരിവിലും വെട്ടുചീൾ കനത്തിലും ഇവയ്ക്ക് ടാപ്പുചെയ്യാൻ കഴിയും. ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പരീക്ഷണങ്ങൾ പുരോഗമിക്കുന്നു. ഇതിന് പേറ്റന്റ് ലഭിച്ചിട്ടില്ലാത്തതിനാൽ അവയെക്കുറിച്ച് കൂടുതൽ സാങ്കേതികവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. അനതിവിദൂരഭാവിയിൽ അത്തരം റോബോട്ടുകളും റബ്ബർതോട്ടങ്ങളിൽ ഇറങ്ങി മരങ്ങൾ ടാപ്പുചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല.

മറ്റെല്ലാ മേഖലകളിലുമെന്നപോലെ റബ്ബർടാപ്പിങ്ങിന്റെ യന്ത്രവത്ക്കരണത്തിലും ചൈന മറ്റു രാജ്യങ്ങളെക്കാൾ വളരെ മുൻപിലാണ്. ടാപ്പിങ് തൊഴിലാളികളുടെ ക്ഷാമം നമ്മുടെ റബ്ബറുത്പാദനത്തെയും ബാധിച്ചുതുടങ്ങിയിട്ടുണ്ട്. കാർഷിക യന്ത്രവത്ക്കരണത്തിൽ നമ്മുടെ രാജ്യം വളരെയേറെ മുന്നേറേണ്ടതുണ്ട്. ആയതിനാൽ ഗവേഷണപ്രവർത്തനങ്ങൾ ഈ വഴിക്ക് തിരിയേണ്ടതിന്റെ ആവശ്യം പ്രകടമാണ്.

*(ലേഖകൻ റബ്ബർബോർഡിലെ മുൻ ട്രെയിനിങ് ഡയറക്ടറും നിലവിൽ രാജ്യാന്തര റബ്ബർഗവേഷണവികസന ബോർഡ് ഫെല്ലോയുമാണ്. ലേഖകന്റെ ഫോൺ നമ്പർ – 9446412586)*



മാത്യു റ്റി.വി.
ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ

6

## ലുഷായ് കുന്നുകളുടെ ചരിത്രവും

# റബ്ബർകൃഷിയും ഇൻറോഡ് പദ്ധതിയും

ഒരു സംസ്ഥാനം എന്ന നിലയിൽ ഇന്ത്യയുടെ റബ്ബർകൃഷിഭൂപടത്തിൽ മിസ്സോറാം സ്ഥാനം പിടിക്കുന്നത് 1987-ൽ ആണ്. സ്വതന്ത്ര ഇന്ത്യയിൽ മിസ്സോറാമിന് സമ്പൂർണ സംസ്ഥാന പദവി ലഭിക്കുന്നതുവരെ ഒരു കേന്ദ്രഭരണപ്രദേശമായും അതിനു മുൻപ് ആസമിലെ ഒരു ജില്ലയായും ഇന്നത്തെ മിസ്സോറാം എന്ന ഭൂമിക നിലകൊണ്ടു. കൊളോണിയൽ കാലഘട്ടത്തിനു മുൻപ് വിവിധ ഗോത്രവിഭാഗങ്ങളുടെയും ഉപവിഭാഗങ്ങളുടെയും തലവൻമാരുടെ (chiefdoms) നിയന്ത്രണത്തിലായിരുന്ന ഈ പ്രദേശത്തെ ലുഷായ് കുന്നുകൾ (Lushai Hills) എന്നു വിശേഷിപ്പിച്ചിരുന്നു.

ബ്രിട്ടീഷ് ഇന്ത്യയിലെ അസമിനും കിഴക്ക് അതിർത്തിയിൽ ബർമ്മ (ഇന്നത്തെ മ്യാൻമർ)യ്ക്കും ഇടയിലായി സ്ഥിതി ചെയ്തിരുന്ന തന്ത്രപ്രധാനമായ ഒരു ഭൂപ്രദേശം എന്ന നിലയിൽ ലുഷായ് കുന്നുകളെ തങ്ങളുടെ പൂർണ നിയന്ത്രണത്തിലാക്കാൻ ബ്രിട്ടീഷുകാർ പദ്ധതിയിട്ടു. 1871-72 കാലഘട്ടത്തിലെ ലുഷായ് എക്സ്പഡീഷ (Lushai Expedition) നിലൂടെ അവർക്ക് അതു സാധിക്കുകയും ചെയ്തു. പല ഗോത്രത്തലവന്മാരോടും തങ്ങളുടെ നിയന്ത്രണത്തിലേക്ക് വരാൻ അവർ ആവശ്യപ്പെട്ടു. അങ്ങനെ വിവിധ ഗോത്രവിഭാഗങ്ങളെ അധീനപ്പെടുത്തി ബ്രിട്ടീഷ് ഭരണം സ്ഥാപിതമായി.

ബ്രിട്ടീഷ് ഭരണത്തിന്റെ പരിരക്ഷയിൽ ക്രിസ്ത്യൻ മിഷനറിമാരുടെ വരവ് ആരംഭിക്കുകയും ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കമിടുകയും ചെയ്തു. തലമുറകളായി വാമൊഴികളിലും നാടോടിപ്പാട്ടുകളിലും മാത്രം ഉപയോഗിച്ചിരുന്ന മിസ്സോ ഭാഷയ്ക്കും ഉപഭാഷ



കൾക്കും ലിപി ഉണ്ടാകുകയും റോമൻ സ്ക്രിപ്റ്റുകളിലൂടെ ആ ഭാഷ പുനരുജ്ജീവിക്കുകയും ചെയ്തു. ലിപിയുള്ള ഒരു ഭാഷ രൂപപ്പെട്ടതും ഔപചാരികവിദ്യാഭ്യാസം നിലവിൽ വന്നതുമാണ് മിസ്സോ ജീവിതത്തെ മാറ്റിമറിച്ചത്. ഇന്ന് ആധുനികതയുടെ എല്ലാ നിറക്കൂട്ടുകളും നിറഞ്ഞതാണ് മിസ്സോകളുടെ ജീവിതം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ലുഷായ് കുന്നുകൾ വിവിധ ആട്ടോണമസ് കൗൺസിലുകളുടെ കീഴിലായി നിലനിന്നു. ഭരണഘടനയുടെ ആറാം ഷെഡ്യൂളിൽ പെടുത്തി കേന്ദ്ര ഗവൺമെന്റ് മിസ്സോകളുടെ ജീവിതത്തെയും സംസ്കാരത്തെയും തനിമയോടെയും പൈതൃകാധിഷ്ഠിതമായും സംരക്ഷിച്ചുവന്നു. ഏകദേശം പത്തോളം വംശീയ വിഭാഗങ്ങളുണ്ടെങ്കിലും ലായ്, ചക്മ, മാര എന്നീ ആട്ടോണമസ് കൗൺസിലുകൾക്കു കീഴിലായി ഭരണപരവും വികസനപരവുമായ ആവശ്യങ്ങൾ നിറവേറ്റപ്പെട്ടു. ഇന്ന് ലുഷായ് മിസ്സോകളാണ് ഭൂരിപക്ഷം. എന്നാൽ മിസ്സോ എന്ന പേരുതന്നെ, ഇപ്പോൾ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഒരു പൊതുവിശേഷണമായി മാറിക്കഴിഞ്ഞിട്ടുണ്ട്.

### പരമ്പരാഗതകൃഷിയിൽ നിന്ന് ആധുനിക കൃഷിയിലേക്ക്

നൂറ്റാണ്ടുകളോളം ജൂം കൃഷി (Shifting Cultivation) ആയിരുന്നു മിസ്സോകളുടെ കൃഷിരീതി. കാടുവെട്ടിത്തെളിച്ച് നെല്ല്, ചോളം, ചെറുധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയൊക്കെ കൃഷിചെയ്തിരുന്നു.

ബ്രിട്ടീഷ് കാലഘട്ടത്തിൽ ജൂം കൃഷിക്ക് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ ഉദ്യാനവിളകളിലേക്കും നാണ്യവിളകളിലേക്കും ക്രമാനുഗതമായ പരിവർത്തനം ഉണ്ടാകുകയും ചെയ്തു. സ്വാതന്ത്ര്യാനന്തരം സർക്കാരിന്റെ പ്രോത്സാഹനപദ്ധതികളിലൂടെ സ്ഥിരകൃഷി (Settled Cultivation) യിലേക്ക് മാറുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടു,

പിന്നീട് മണ്ണുജലസംരക്ഷണം, ഉദ്യാനക്കൃഷി, കോണ്ടൂർ നിർമാണം, മുന്തിയ വിത്തിനങ്ങളുടെ ഉപയോഗം, ശാസ്ത്രീയ വളപ്രയോഗം, യന്ത്രവത്ക്കരണം എന്നിവയിലൂന്നിയ കൃഷിയിലേക്കും പരിവർത്തനമുണ്ടായി.

ആധുനിക സമവാക്യങ്ങൾ വേറെയാണ്. ഇന്നിപ്പോൾ സുസ്ഥിരകൃഷി, ജൈവകൃഷി, മൂല്യവർദ്ധനവ്, ഭക്ഷ്യസംസ്കരണം, മണ്ണു-ജല സംരക്ഷണം, വാട്ടർ ഷെഡ് മാനേജ്മെന്റ് പദ്ധതികൾ തുടങ്ങി ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ പ്രവണത, കർഷകരെ വിപണിയുമായി ബന്ധിപ്പിക്കുന്ന മാർക്കറ്റ് ലിങ്കേജസ് തുടങ്ങിയവയാണ് ഇവിടത്തെയും ചർച്ചാവിഷയങ്ങൾ. ഓറഞ്ച്, മഞ്ഞൾ, മുളക്, പൈനാപ്പിൾ, നെല്ല്, ധാന്യങ്ങൾ, വാഴ, പച്ചക്കറികൾ തുടങ്ങിയ തനതുവിളകളുടെയും മുളംകൃഷിയുടെയും തുടർച്ചയും റബ്ബറിന്റെ വരവും മിസ്സോറാമിന്റെ കാർഷിക സമ്പദ് വ്യവസ്ഥയെ സ്വാധീനിക്കുന്നുണ്ട്.

സംസ്ഥാന രൂപവത്കരണത്തിനും മുൻപ് ലുഷായ് കുന്നുകളിൽ റബ്ബർകൃഷി ആരംഭിച്ചതായി രേഖകൾ പറയുന്നു. പ്രധാനമായും ലാന്റ് റിസോഴ്സസ്, സോയിൽ ആന്റ് വാട്ടർ കൺസർവേഷൻ (LRS & WC) ഡിപ്പാർട്ടുമെന്റ് ആണ് റബ്ബർകൃഷിവ്യാപനത്തിൽ മുൻകൈ എടുത്തത്. പിന്നീട് നബാർഡ് (NABARD) സഹായത്തോടെയുള്ള റബ്ബർ പ്ലാന്റേഷൻ ഡവലപ്മെന്റ് പദ്ധതി റബ്ബർകൃഷിക്ക് പ്രോത്സാഹനമായി നിലകൊണ്ടു. ഇതനുസരിച്ച് സോഷ്യോ ഇക്കണോമിക്





ഡവലപ്മെന്റ് പോളിസി (SEDP) യുടെ ഭാഗമായി റബ്ബർ തൈകൾ വാങ്ങുന്നതിന് സഹായവും തോട്ടസംരക്ഷണത്തിന് സഹായവും ലഭിച്ചുവന്നു.

1993-ലാണ് റബ്ബർബോർഡ് ഓഫീസ് ഇവിടെ പ്രവർത്തിച്ചുതുടങ്ങുന്നത്. ഇന്ന് ഐസ്വാളിൽ ഒരു ഡെവലപ്മെന്റ് ഓഫീസും മാമിത്, കൊളാസിബ്, ലുങ്ങ്ലേയ് എന്നിവിടങ്ങളിൽ റബ്ബർബോർഡ് ഫീൽഡ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നു. 2024-25 ലെ കണക്കുപ്രകാരം മിസ്സോറാമിൽ 10,300 ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി വ്യാപിച്ചിട്ടുണ്ട്. ഉത്പാദനം ഏകദേശം 2000 ടണ്ണാണ്.

## ചീഫ് മിനിസ്റ്റേഴ്സ് റബ്ബർ മിഷൻ (CMRM)

മിസ്സോറാമിൽ 50,000 ഹെക്ടർ കൃഷിഭൂമി റബ്ബർ കൃഷിക്ക് യോജിച്ചതായി ഉണ്ടെന്നാണ് ഇവിടുത്തെ സർക്കാരിന്റെ വിലയിരുത്തൽ. ഇതിൽ 11,500 ഹെക്ടർ സ്ഥലത്ത് 2025-30 കാലഘട്ടത്തിൽ റബ്ബർകൃഷി വ്യാപിപ്പിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. പദ്ധതിയുടെ പ്രാരംഭമായി 27.98 കോടി രൂപ നബാർഡ് വഴി കണ്ടെത്തിയിട്ടുണ്ട്. 2025-26-ൽ മിസ്സോറാമിലെ ഏഴ് ജില്ലകളിലായി 1000 ഗുണഭോക്തൃകുടുംബങ്ങളിൽ 1000 ഹെക്ടർ കൃഷി വ്യാപിപ്പിക്കാനായി. റബ്ബർബോർഡിന്റെ ഇൻറോഡ് പദ്ധതിയുടെ അതേ മാതൃകയിലാണ് CMRM പദ്ധതിയും പുരോഗമിക്കുന്നത്. 2026-ൽ 11,58,750 റബ്ബർ തൈകൾ കർഷകർക്ക് വിതരണം ചെയ്യാനാണ് പദ്ധതിയിട്ടിരിക്കുന്നത്. അങ്ങനെ 2575 ഹെക്ടറിൽ റബ്ബർകൃഷി വ്യാപിപ്പിക്കും.

മിസോറാം ചീഫ് മിനിസ്റ്റേഴ്സ് റബ്ബർ മിഷൻ കേവലം ഒരു പദ്ധതി മാത്രമല്ല, റബ്ബറധിഷ്ഠിത കൃഷിയിലൂടെ സുസ്ഥിര വരുമാനമുള്ള കുടുംബങ്ങളെ സൃഷ്ടിക്കുകയാണ് ലക്ഷ്യമാക്കുന്നത്. റബ്ബർബോർഡിന്റെ സാങ്കേതിക പിന്തുണയും ത്രിപുര ഗവൺമെന്റിന്റെ മാതൃകയും അതിനു സഹായകമാകുന്നുണ്ട്. റബ്ബർ കൃഷി വികസനത്തോടൊപ്പം അടിസ്ഥാനസൗകര്യ വികസനവും സംസ്കരണസംവിധാനങ്ങളുടെ വികസനവും മിസ്സോറാം ഗവൺമെന്റ് ലക്ഷ്യമിടുന്നുണ്ട്. റബ്ബറിനെ ഒരു ഹരിത സമ്പദ്‌വ്യവസ്ഥയുടെ (Green Economy) ഭാഗമായി കാണാനാണ് ഗവൺമെന്റ് ശ്രമിച്ചുവരുന്നത്.

## ഇൻറോഡ് പദ്ധതി

ഇൻറോഡ് പദ്ധതിയുടെ ഭാഗമായി മിസ്സോറാമിൽ 2022 മുതൽ വ്യാപകമായി റബ്ബർകൃഷി നടന്നുവരുന്നുണ്ട്. 2025 വരെയുള്ള കണക്കുകൾ പ്രകാരം മിസ്സോറാമിലെ വിവിധ ജില്ലകളിലായി 7682 ഗുണഭോക്താക്കൾക്ക് റബ്ബർതൈ വിതരണം ചെയ്യുകയും 8386.78 ഹെക്ടറിൽ റബ്ബർകൃഷി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

റബ്ബർബോർഡിന്റെ കൊളാസിബ് ഫീൽഡ് സ്റ്റേഷൻ പരിധിയിലുള്ള സൈഫൈ (Saiphai) റബ്ബറുത്പാദകസംഘം ഇൻറോഡ് പദ്ധതി നടപ്പാക്കുന്നതിൽ ബദ്ധശ്രദ്ധരാണ്. 2026 മെയ് മാസത്തിലെ ഒരു മധ്യാഹ്ന



## എൻ.ഐ.ആർ.റ്റി.-യിൽ ക്വാളിറ്റി കൺട്രോൾ അനലിസ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ്




*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. കോഴ്സിന്റെ ഉദ്ഘാടനം നിർവഹിക്കുന്നു.*

റബ്ബർബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തുന്ന ക്വാളിറ്റി കൺട്രോൾ അനലിസ്റ്റ് (QCA) സർട്ടിഫിക്കറ്റ് കോഴ്സിന്റെ ആദ്യ ബാച്ചിന്റെ ഉദ്ഘാടനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. നിർവഹിച്ചു. ട്രെയിനിങ് ഡയറക്ടർ എച്ച്. പ്രിയ വർമ്മ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ (റിസേർച്ച്) ഡോ. ദേബബ്രത റായ്, ഡെപ്യൂട്ടി ഡയറക്ടർ (ആർ.പി.ഡി.റ്റി.) അനിൽകുമാർ വി. എന്നിവർ ആശംസകൾ അർപ്പിച്ചു.

റബ്ബർ വ്യവസായ മേഖലയിൽ ക്വാളിറ്റി ടെസ്റ്റിങ്, ക്വാളിറ്റി കൺട്രോൾ എന്നീ വിഭാഗങ്ങളിൽ പ്രാവീണ്യമുള്ള വിദഗ്ദ്ധരുടെ വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിൽ ഈ കോഴ്സിനുള്ള പ്രാധാന്യത്തെക്കുറിച്ച് ഡെപ്യൂട്ടി ഡയറക്ടർ (ആർ.ഐ.ഡി.റ്റി.) പ്രദീപ് കുമാർ പി. ജോയ് വിശദീകരിച്ചു.

പ്രധാനമായും കെമിസ്ട്രി ബിരുദധാരികൾക്കായി തയ്യാറാക്കിയിട്ടുള്ള രണ്ടുമാസത്തെ വ്യവസായ കേന്ദ്രീകൃത കോഴ്സിൽ, എൻ.ഐ.ആർ.ടി.-യിലെ പ്രായോഗിക പരിശീലനത്തോടൊപ്പം ഒരു മാസത്തെ ഇൻഡസ്ട്രിയൽ ഇന്റേൺഷിപ്പും ഉൾപ്പെടുന്നു. ഐ.എസ്.എൻ.ആർ. (ISNR), സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് എന്നിവയുടെ ഗുണമേന്മാപരിശോധന, ലബോറട്ടറി പ്രവർത്തനങ്ങൾ, എഫ്ളുവന്റ് അനാലിസിസ്, ഡാറ്റ അപഗ്രഥനം എന്നിവയിലാണ് പ്രധാനമായും പരിശീലനം നൽകുന്നത്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് പ്ലേസ്മെന്റ് സഹായവും നൽകും.



ത്തിൽ സൈഫൈ വില്ലേജ് കൗൺസിൽ പ്രസിഡന്റ് ലാൽദുസാൻഗ (Laldhusanga) യും റബ്ബറുത്പാദക സംഘം പ്രസിഡന്റ് എച്ച്.എൽ. ബൻലിയാനയും (H.L. Banliana) ചേർന്ന് സംഘടിപ്പിച്ച യോഗത്തിൽ റബ്ബർ ബോർഡ് പ്രതിനിധികൾ ഇൻറോഡ് പദ്ധതി വഴി അവരുടെ ജീവിതനിലവാരം എത്രകണ്ട് മെച്ചപ്പെടുത്താം എന്ന് വിശദീകരിച്ചു.

തൈകൾക്ക് ഒരേ വളർച്ചാനിരക്ക് നിലനിർത്തേണ്ടതിന്റെ ആവശ്യകത, വേനൽകാല സംരക്ഷണം, ശിഖരക്രമീകരണം, രോഗനിവാരണം, വളപ്രയോഗം എന്നിവയുടെയൊക്കെ പ്രാധാന്യത്തെക്കുറിച്ചും ഇതിനെല്ലാമായി തോട്ടത്തിൽ നിത്യസന്ദർശനം വേണമെന്നും അവരെ ബോധ്യപ്പെടുത്തുകയുണ്ടായി.

"ഞങ്ങൾ റബ്ബർ കൃഷിചെയ്യുന്നത് അങ്ങേയറ്റത്തെ ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടിയാണ്. റബ്ബർതൈകൾ, മഴയും വെയിലും പോലെ ദാനമായി കിട്ടുന്നതാണെങ്കിലും ഞങ്ങൾ അതിനെ വിലമതിക്കുന്നു. മാത്രമല്ല, ഞങ്ങൾ കൃഷിചെയ്യുന്നത് ദൈവനാമത്തിലുമാണ്" എന്നതായിരുന്നു യോഗത്തിൽ പങ്കെടുത്ത ഒരു കർഷകന്റെ പ്രതികരണം.

*(തുടരും)* •





റാണി ജോസ്
ഫാം അസിസ്റ്റന്റ്

## റബ്ബർതോട്ടങ്ങളിലെ

# മണ്ണു-ജല സംരക്ഷണം

പ്രകൃതിവിഭവങ്ങളായ മണ്ണും ജലവും വളരെ അമൂല്യമാണ്. ഭൂമിയിലെ കൃഷിയുടെ നിലനിൽപിനും ഭക്ഷ്യസുരക്ഷയ്ക്കും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും ഇവ രണ്ടും അനിവാര്യമാണ്. മണ്ണിന്റെ പോഷകനിലവാരവും ഉത്പാദനക്ഷമതയും നിലനിർത്താൻ മണ്ണൊലിപ്പ് തടയുകയും മണ്ണിലെ ജലലഭ്യത ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.

ഇന്ന് ലോകം നേരിടുന്ന വെല്ലുവിളികളിൽ ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും മുൻപന്തിയിലാണ്. കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മൂലം മഴയുടെ വിതരണത്തിൽ വലിയ വ്യതിയാനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. മഴ ലഭിക്കേണ്ട സമയത്ത് മഴ കുറയുകയും അപ്രതീക്ഷിത സമയങ്ങളിൽ ശക്തമായ മഴ ലഭിക്കുകയും ചെയ്യുന്നു. തന്മൂലം വെള്ളപ്പൊക്കവും മണ്ണൊലിപ്പും ഉണ്ടാകുന്നത് കൂടിവരുന്നു. ഇതിന്റെ പ്രത്യാഘാതമായി വരൾച്ച രൂക്ഷമാകുന്നു. എൽ- നിനോ പോലുള്ള പ്രതിഭാസങ്ങളുടെ ഫലമായി കാർഷികമേഖലയിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ നേരിടാനും കർഷകർ കരുതിയിരിക്കേണ്ടിയിരിക്കുന്നു.

ശാസ്ത്രീയ റബ്ബർകൃഷിയിൽ മണ്ണു-ജല സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. കേരളത്തിൽ റബ്ബർകൃഷി കൂടുതലായും ചെരിവുള്ള പ്രദേശങ്ങളിലാണ് നടത്തുന്നത്. അതിനാൽ മണ്ണൊലിപ്പിനുള്ള സാധ്യതയും കൂടുതലാണ്. യഥാസമയം സംരക്ഷണനടപടികൾ സ്വീകരിച്ചില്ലെങ്കിൽ വളക്കൂറുള്ള മേൽമണ്ണ് നഷ്ടപ്പെടുകയും മണ്ണിന്റെ ഉത്പാദനശേഷി കുറയുകയും ചെയ്യും.

കേരളത്തിൽ താരതമ്യേന നല്ല മഴ ലഭിക്കുന്നുണ്ടെങ്കിലും മഴവെള്ളത്തിന്റെ വലിയൊരു പങ്കും ഒഴുകിപ്പോ

കുകയാണ്. ഇതോടൊപ്പം വളക്കൂറുള്ള മേൽമണ്ണും നഷ്ടമാകുന്നുണ്ട്. മണ്ണിന്റെ ആഴം കുറയുമ്പോൾ വെള്ളം സംഭരിക്കാനുള്ള ശേഷിയും കുറയുന്നു. അതുവഴി വരൾച്ചയുടെ ആഘാതം കൂടുതൽ ശക്തമാകുന്നു.

അതിനാൽ മഴയുടെ പ്രയോജനം പരമാവധി ലഭിക്കുന്ന തരത്തിൽ നടീൽസമയം ക്രമീകരിക്കുകയും മണ്ണൊലിപ്പ് തടയുന്നതിനും മഴവെള്ളം സംഭരിക്കുന്നതിനുമായി ശാസ്ത്രീയമായ സംരക്ഷണ മാർഗങ്ങൾ സ്വീകരിക്കുകയും വേണം. നിരപ്പുതട്ടുകൾ, മഴക്കുഴികൾ എന്നിവ എടുക്കുന്നതും പുതയിടൽ, ആവരണവിളകൾ കൃഷിചെയ്യൽ എന്നിവ പോലുള്ള മണ്ണു-ജല സംരക്ഷണനടപടികൾ വ്യാപകമായി പ്രയോഗിക്കേണ്ടതുണ്ട്. മണ്ണിനെയും ജലത്തെയും സംരക്ഷിക്കുന്നത് കാർഷികോത്പാദനം വർധിപ്പിക്കുന്നതിനും പ്രകൃതിവിഭവങ്ങളെ ഭാവിതലമുറയ്ക്കായി നിലനിർത്തുന്നതിനും അനിവാര്യമാണ്.

### നിരപ്പുതട്ടുകൾ

പരമാവധി മഴവെള്ളം മണ്ണിൽ സംഭരിക്കുക, മണ്ണിന്റെ ജലാഗിരണശേഷി വർധിപ്പിച്ച് മണ്ണും ജലവും ഒഴുകിപ്പോകുന്നത് തടയുക എന്നിവയാണ് മണ്ണു-ജല സംരക്ഷണനടപടികളിൽ പ്രധാനപ്പെട്ടവ. റബ്ബർതോട്ടങ്ങളിൽ നിരപ്പുതട്ടുകളും നീർക്കുഴികളും നിർമിക്കുന്നത് ഈ ഉദ്ദേശ്യത്തോടുകൂടിയാണ്.

കുന്നുകളിലും ചെരിവുള്ള പ്രദേശങ്ങളിലും ചെരിവിന് കുറുകെ നിരപ്പുതട്ടുകൾ അഥവാ കോണ്ടൂർ ടെറസുകൾ ഉണ്ടാക്കുന്നത് ചെരിവിന്റെ കുത്തനെയുള്ള ദൈർഘ്യം കുറയ്ക്കുന്നു. നീരൊഴുക്കിന്റെ ഗതിവേഗം കുറയ്ക്കാനും മണ്ണൊലിപ്പ് തടയാനും മണ്ണിന്റെ ജലാഗിരണശേഷി വർധിപ്പിക്കാനും നിരപ്പുതട്ടുകൾ സഹായിക്കും. തുടർച്ചയായ നിരപ്പുതട്ടുകളെടുക്കുന്നതാണ് ഉത്തമം. അത് സാധിക്കാത്തപക്ഷം ആദ്യവർഷം സമചതുരത്തിലുള്ള ചെറിയ നിരപ്പുതട്ടുകളെടുത്ത് തൈകൾ നട്ടശേഷം പിന്നീടുള്ള വർഷങ്ങളിൽ അവ തമ്മിൽ



*നിരപ്പുതട്ടുകൾ എടുത്ത് തൈകൾ നട്ടിരിക്കുന്നു*

യോജിപ്പിച്ച് തുടർച്ചയായ നിരപ്പുതട്ടുകളാക്കാവുന്നതാണ്. ഏകദേശം 1.25 മുതൽ 1.5 വരെ മീറ്റർ വീതിയിലാണ് നിരപ്പുതട്ടുകൾ തയ്യാറാക്കേണ്ടത്. ഇവ ഉൾവശത്തേക്കു 20 മുതൽ 30 വരെ സെ.മീ. ചെരിഞ്ഞിരിക്കണം. ഒഴുകിവരുന്ന വെള്ളത്തിന്റെ അധികപങ്കും നിരപ്പുതട്ടുകളിൽ തങ്ങിനിൽക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. നിരപ്പുതട്ടുകളുടെ മുൻഭാഗത്ത് നല്ലതുപോലെ മണ്ണിട്ടുറപ്പിക്കുന്നത് തട്ട് ഇടിഞ്ഞുപോകാതിരിക്കാൻ സഹായിക്കും. ജെ.സി.ബി./ഹിറ്റാച്ചി ഉപയോഗിച്ച് നിരപ്പുതട്ടുകൾ നിർമിക്കുമ്പോൾ മണ്ണിളക്കം പരമാവധി കുറയ്ക്കണം. അല്ലാത്തപക്ഷം വരുംവർഷങ്ങളിൽ പ്ലാറ്റ്ഫോമിന് ഇടിവ് സംഭവിക്കുകയും അത് മണ്ണൊലിപ്പിന് കാരണമാകുകയും ചെയ്യും. തന്നെയുമല്ല മരങ്ങൾ ടാപ്പുചെയ്യാറാകുമ്പോഴേക്കും പ്ലാറ്റുഫോമിന്റെ വീതി കുറഞ്ഞ് ടാപ്പിങ്ങിനായി തോട്ടത്തിലൂടെ സുഗമമായി നടക്കാൻ ബുദ്ധിമുട്ടാകും.

### ആവരണവിളകൾ

തോട്ടത്തിൽ മണ്ണും വെള്ളവും സംരക്ഷിക്കുന്നതിനുള്ള ചെലവുകുറഞ്ഞ മറ്റൊരു മാർഗമാണ് നിരപ്പുത



ട്ടുകൾക്കിടയിൽ തോട്ടപ്പയർ വളർത്തുന്നത്. ആവരണ വിളകൾ മേൽമണ്ണിൽ ഒരു പുതയായി വളരുന്നതിനാൽ മഴവെള്ളവും സൂര്യപ്രകാശവും നേരിട്ട് മണ്ണിൽ പതിക്കുന്നത് തടയുന്നതോടൊപ്പം വെള്ളമൊഴുക്കിന്റെ വേഗം കുറയ്ക്കും. തോട്ടപ്പയറിന്റെ ഇലകളും സസ്യാവശിഷ്ടങ്ങളും മണ്ണിൽ അഴുകിച്ചേരുമ്പോൾ ഉണ്ടാകുന്ന ജൈവാംശം മണ്ണിന്റെ ഘടനയും ജലാഗിരണശേഷിയും മെച്ചപ്പെടുത്തുകയും മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കുകയും ചെയ്യും. മണ്ണിന്റെ ഈർപ്പം നിലനിർത്താനും കളകളുടെ വളർച്ച തടയാനും ആവരണവിളകൾ സഹായിക്കും. ആവരണവിളകളായി ഉപയോഗിക്കുന്നത് പയറുവർഗത്തിൽപെട്ട സസ്യങ്ങൾ ആയതിനാൽ അവ അന്തരീക്ഷത്തിലെ നൈട്രജൻ വലിച്ചെടുത്ത് തൈകൾക്ക് ഉപയോഗയോഗ്യമാക്കും.

### നീർക്കുഴികൾ

തോട്ടത്തിൽ തൈനിരകൾക്കിടയിലായി, കോണ്ടൂർ നിരകൾക്ക് സമാന്തരമായി നീർക്കുഴികൾ തയ്യാറാക്കുന്നത് മഴവെള്ളം സംഭരിക്കുന്നതിന് സഹായിക്കും. നാലു മരങ്ങളുടെ നടുവിൽ, ഒന്നിടവിട്ട് ഒരു കുഴി എന്ന രീതിയിൽ ഒരു ഹെക്ടർ തോട്ടത്തിൽ ഏകദേശം 250 കുഴികൾ എടുക്കാവുന്നതാണ്. 120 സെ.മീറ്റർ നീളവും 45 സെ.മീറ്റർ വീതിയും 75 സെ.മീറ്റർ താഴ്ചയും ഉള്ള കുഴികളാണ് എടുക്കേണ്ടത്. എന്നാൽ, മണ്ണാഴം കുറഞ്ഞ സ്ഥലങ്ങളിലും ചെരിവ് 20 ശതമാനത്തിൽ കൂടുതലുള്ള സ്ഥലങ്ങളിലും നീർക്കുഴികൾ തീർക്കുന്നത് നല്ലതല്ല. കൃഷിയിടങ്ങളിൽ മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും അത് കാരണമായേക്കാം. നീർക്കുഴികളിൽ നിറയുന്ന മണ്ണ് ഇടയ്ക്കിടയ്ക്ക് നീക്കം ചെയ്യണം.

### ഇടക്കയ്യാലകൾ

കൃഷിയിടത്തിന്റെ ചെരിവിനു കുറുകെ ഇടക്കയ്യാലകൾ നിർമിക്കുന്നത് മണ്ണും വെള്ളവും സംരക്ഷിക്കുന്നതിനുള്ള മറ്റൊരു മാർഗമാണ്. എന്നാൽ, ഇതിനു ചെലവ് കൂടുതലായിരിക്കും. ഭൂമിയുടെ ചെരിവിന് അനുസരിച്ചുവേണം കയ്യാലകളുടെ എണ്ണവും അവ തമ്മിലുള്ള അകലവും തീരുമാനിക്കാൻ. ഭൂമിയുടെ ചെരിവ് കൂടുന്നതനുസരിച്ച് കയ്യാലകളുടെ എണ്ണം കൂട്ടണം. ഓരോ വർഷവും കയ്യാലകളുടെ കേടുപാടുകൾ തീർക്കേണ്ടതുമാണ്.

### ജൈവവേലികൾ

മണ്ണൊലിപ്പ് തടയുന്നതിൽ ജൈവവേലികൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ജൈവവേലി വച്ചുപിടിപ്പിക്കാൻ ഏറ്റവും യോജിച്ച ഔഷധസസ്യമാണ് രാമച്ചം. ഇവയുടെ വേരുപടലം നീളമേറിയതും മണ്ണിളകിപ്പോകാതെ ചേർത്തു നിർത്താൻ കഴിവുള്ളതുമായതിനാൽ മണ്ണൊലിപ്പ് കുറയും. അതിർവരമ്പുകളിൽ കൈതപോലുള്ള വിളകൾ വെച്ചുപിടിപ്പിച്ചും മണ്ണൊലിപ്പ് തടയാം.

### പുതയിടൽ

മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനുള്ള ഒരു പ്രധാനമാർഗമാണ് പുതയിടൽ. വേനൽകാലം ആരംഭിക്കുന്നതിനു മുമ്പായി നവംബർ മാസത്തിൽ കരിയിലയോ തോട്ടപ്പയറിന്റെ ഉണങ്ങിയ വള്ളികളോ ചകിരിയോ മറ്റു ജൈവാവശിഷ്ടങ്ങളോ ഉപയോഗിച്ച് തൈകളുടെ ചുവട്ടിൽ പുതയിടുന്നത് മണ്ണിലെ ജൈവാംശം വർധിപ്പിക്കുകയും കളകളെ നിയന്ത്രിക്കുകയും സൂക്ഷ്മജീവികളുടെ വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യും.

### മറ്റു ജലസംഭരണമാർഗങ്ങൾ

കൃഷിഭൂമിയിലുള്ള ചാലുകളിൽകൂടിയും മറ്റും മഴക്കാലത്ത് ഒഴുകിപ്പോകുന്ന അധികജലം കുളങ്ങളിലോ അതുപോലുള്ള ജലസംഭരണികളിലോ ശേഖരിച്ചാൽ വേനൽകാലത്ത് ചെടികൾ നനയ്ക്കുന്നതിനും മരുന്നുതളിക്കുന്നതിനും വിളസംസ്കരണത്തിനുമൊക്കെ ഉപയോഗിക്കാം. പരമ്പരാഗതജലസ്രോതസ്സുകളെ മറ്റു ദൈനംദിന ആവശ്യങ്ങൾക്കായി കരുതിവെയ്ക്കുകയും



*തോട്ടത്തിൽ നീർക്കുഴികൾ എടുത്തിരിക്കുന്നു*

# GOLDEN TOUCH®

## FORMIC ACID



**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** - **ALUMINIUM DISH**

**GOLDEN TOUCH®** - **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

Since 1991

## Geo Thomas & Co.

II[nd] Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com

## ഐ.ആർ.ആർ.ഡി.ബി.-യിൽ പ്രാതിനിധ്യം


ഡോ. ജെയിംസ് ജേക്കബ്ബ്


ഡോ. ഷാജി ഫിലിപ്പ്


ഡോ. സി. നാരായണൻ

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്ര (ആർ.ആർ.ഐ.ഐ.) ത്തിലെ ശാസ്ത്രജ്ഞർക്കും മുൻ ഡയറക്ടർക്കും ഇന്റർനാഷണൽ റബ്ബർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ബോർഡിൽ (ഐ.ആർ.ആർ.ഡി.ബി.) പ്രാതിനിധ്യം ലഭിച്ചു. ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ മുൻ ഡയറക്ടർ ഡോ. ജെയിംസ് ജേക്കബ്ബിനെ ഐ.ആർ.ആർ.ഡി.ബി.-യുടെ 'അംബാസിഡർ ഫോർ സി.ഒ.പി. നെഗോഷ്യേഷൻസ്' ആയിട്ടാണ് നിയമിച്ചിരിക്കുന്നത്.

ആർ.ആർ.ഐ.ഐ.-യിലെ പ്ലാന്റ് പതോളജി വിഭാഗം ഓഫീസർ ഇൻ-ചാർജ് ഡോ. ഷാജി ഫിലിപ്പിനെ ഐ.ആർ.ആർ.ഡി.ബി.-യുടെ പ്ലാന്റ് പ്രൊട്ടക്ഷൻ സ്പെഷ്യലിസ്റ്റ് ഗ്രൂപ്പിന്റെ ലെയ്സൻ ഓഫീസർ ആയും ആർ.ആർ.ഐ.ഐ.-യിലെ ജേംപ്ലാസം ഡിവിഷന്റെ ഓഫീസർ ഇൻ ചാർജ് ഡോ. സി. നാരായണനെ ഐ.ആർ.ആർ.ഡി.ബി.-യുടെ ജേംപ്ലാസം ഗ്രൂപ്പിന്റെ ലെയ്സൻ ഓഫീസർ ആയും ആണ് നിയമിച്ചിരിക്കുന്നത്. രണ്ടു വർഷക്കാലയളവിലേക്കാണ് ഐ.ആർ.ആർ.ഡി.ബി. ഈ നിയമനങ്ങൾ നടത്തിയിരിക്കുന്നത്.

ചെയ്യാം. തോട്ടങ്ങളിൽ കുഴികളെടുത്ത് അതിൽ പ്ലാസ്റ്റിക് ഷീറ്റുകൾ (സിൽപോളിൻ) വിരിച്ച് മഴവെള്ളം സംഭരിക്കാറുണ്ട്. വെള്ളം ഒഴുകിയെത്തുന്ന ചെരിവുകളിൽ കുളങ്ങളും ബണ്ടുകളും നിർമിച്ചും വെള്ളം സംഭരിക്കാം.

### ഇടവിളകൾ കൃഷിചെയ്യുമ്പോൾ

ഇടവിളകൾ കൃഷിചെയ്യുമ്പോൾ മണ്ണിളക്കം കൂടുന്നതിനാൽ ഇടവിളകൾ തിരഞ്ഞെടുക്കുന്ന കാര്യത്തിലും ഏറെ ശ്രദ്ധയുണ്ടാകണം. സ്ഥലത്തിന്റെ ചെരിവിനനുസരിച്ചുവേണം ഇടവിളകൾ തിരഞ്ഞെടുക്കാൻ. കൂടുതൽ ചെരിവുള്ള (25 ശതമാനത്തിനുമേൽ) സ്ഥലങ്ങളിൽ ഇടവിളക്കൃഷി മണ്ണൊലിപ്പിനുള്ള സാധ്യത വർധിപ്പിക്കുന്നതിനാൽ ഇവിടങ്ങളിൽ ഇടവിളകൾ


വാഴ ഇടവിളയായി കൃഷിചെയ്തിരിക്കുന്നു

കൃഷി ചെയ്യാതെ തോട്ടപ്പയർ വെച്ചുപിടിപ്പിക്കുന്നതാണ് ഉചിതം. ഇടവിളകൾ കൃഷിചെയ്യുന്ന തോട്ടങ്ങളിൽ ഇടവിളയ്ക്കൊപ്പം തോട്ടപ്പയർ വെച്ചുപിടിപ്പിക്കുന്നത് നല്ലതാണ്.

കൈത ഇടവിളയായി കൃഷിചെയ്യുമ്പോൾ ചെരിവിന് കുറുകെ നടുന്നത് ഒരു ജൈവകയ്യാലയുടെ ഗുണം ചെയ്യും. എന്നാൽ, ചെരിവിന് സമാന്തരമായി അവ നടുന്നത് മണ്ണൊലിപ്പ് കൂട്ടും. അതുപോലെ കൈത നടാനായി നിലം മുഴുവൻ ഉഴുതുമറിക്കേണ്ട കാര്യമില്ല. നടാനുദ്ദേശിക്കുന്ന സ്ഥലത്തുമാത്രം മണ്ണിളക്കിയാൽ മതി.

മേൽമണ്ണ് രൂപപ്പെടുന്നത് പ്രകൃതിയുടെ ദീർഘകാല പ്രക്രിയയിലൂടെയാണ്. ഏതാനും സെന്റിമീറ്റർ കനത്തിൽ ഫലഭൂയിഷ്ഠമായ മേൽമണ്ണ് രൂപപ്പെടാൻപോലും വർഷങ്ങൾ വേണ്ടിവരും. ശാസ്ത്രീയമായ മണ്ണു-ജലസംരക്ഷണ മാർഗങ്ങൾ നടപ്പാക്കാത്ത പ്രദേശങ്ങളിൽ മണ്ണൊലിപ്പ് ഗുരുതരമായ തോതിൽ തുടരുകയാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ അതിശക്തമായ മഴയും ദീർഘകാല വരൾച്ചയും വർധിച്ചതോടെ മണ്ണൊലിപ്പിന്റെയും ജലനഷ്ടത്തിന്റെയും തോത് കൂടുതൽ ആശങ്കാജനകമായി മാറിയിട്ടുണ്ട്. കാർഷികമേഖലയിലെ അശാസ്ത്രീയമായ യന്ത്രവത്കരണവും ഭൂവിനിയോഗരീതികളിലെ മാറ്റങ്ങളും മണ്ണിന്റെ ഘടനയെ ദോഷകരമായി ബാധിക്കുന്നുണ്ട്. മണ്ണും വെള്ളവും സംരക്ഷിക്കുന്നത് ഇന്നത്തെ കൃഷിയുടെ ആവശ്യകത മാത്രമല്ല, ഭാവിതലമുറകൾക്കായുള്ള അമൂല്യമായ നിക്ഷേപവുമാണ്. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിലൂടെ മാത്രമേ കാലാവസ്ഥാവെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് സുസ്ഥിര കൃഷിയും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കാൻ കഴിയൂ. •



ലത റ്റി.

# കേരളീയരുടെ ജീവിതം
# മെച്ചപ്പെടുത്തിയ റബ്ബർ

**റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷത്തോടനുബന്ധിച്ച് 'കേരളത്തിൽ റബ്ബർകൃഷിയുടെ വ്യാപനം കൊണ്ട് ഉണ്ടായ മാറ്റങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് പൊതുജനങ്ങൾക്കായി നടത്തിയ ഉപന്യാസ രചനാമത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ലേഖനം.**

ഒരു ദശാബ്ദക്കാലം മുൻപുള്ള ഒരനുഭവമാണ്. കോട്ടയം മാർക്കറ്റിലെ തിരക്കുള്ള ഒരു സായാഹ്നം. ഞാൻ ഓഫീസ് കഴിഞ്ഞു വീട്ടിലേക്കു പോകും വഴി മാർക്കറ്റിലേക്ക് കയറി അത്യാവശ്യം സാധനങ്ങൾ ഒക്കെ വാങ്ങി മടങ്ങുന്ന സമയം. തൊട്ടടുത്തു തന്നെ ആണ് മീൻ മാർക്കറ്റും. ഒരു സാധാരണ സർക്കാർ ജോലിക്കാരിയുടെ ബഡ്ജറ്റിൽ ഒതുങ്ങുന്നതല്ല കോട്ടയം ഫിഷ് മാർക്കറ്റിലെ വിലനിലവാരം. ഹാൻഡ് ബാഗ് തുറന്നും വീണ്ടും അടച്ചും 'to be or not to be' എന്ന മട്ടിൽ നിൽക്കുന്ന എന്റെ മുന്നിലേക്ക് തൊട്ടടുത്ത് ഒട്ടുപാൽ വ്യാപാരം നടത്തുന്ന ഒരു കടയിൽ നിന്നും നാട്ടിലെ പാപ്പൻ ചേട്ടൻ ഇറങ്ങിവരുന്നത് കണ്ടു. പുള്ളിക്കാരൻ കാണാതെ ഞാൻ അവിടെ നിന്നും മാറി നിന്നു. നാട്ടിലെ അറിയപ്പെടുന്ന ഒരു റബ്ബർകർഷകനാണ് പാപ്പൻ ചേട്ടൻ. കുറച്ചു ഭൂമി ഉള്ളതിൽ റബ്ബറും കാപ്പിയും കൃഷി ചെയ്യുന്നു. അദ്ദേഹം തന്നെ ആണ് സ്വന്തം തോട്ടത്തിൽ ടാപ്പിങ് നടത്തുന്നതും. ഞാൻ മേടിക്കാൻ സംശയിച്ചു നിന്ന രണ്ടു കിലോ മീൻ വില പോലും ചോദിക്കാതെ ഒരു 500 രൂപ നോട്ടു വീശി ആ മനുഷ്യൻ വാങ്ങുന്നത് കണ്ടപ്പോൾ ഒരു സർക്കാർ ഉദ്യോഗസ്ഥയായ ഞാൻ ലജ്ജിച്ചു തല താഴ്ത്തി. ഒരു റബ്ബർകർഷകന്റെ ദൈനംദിന ജീവിതത്തിൽ റബ്ബർ എത്ര മാത്രം സ്വാധീനം ചെലുത്തുന്നു എന്ന കാര്യം എനിക്കന്നു മനസ്സിലായി. ഇതേ അനുഭവം തന്നെ ഷോപ്പിങ് മാളുകളിലും സിനിമ കൊട്ടകളിലും കാണാൻ കഴിഞ്ഞിട്ടുണ്ട്. അന്ന് റബ്ബറിന്റെ വില കിലോയ്ക്ക് 250 കടന്നു നിൽക്കുന്നു. ഒട്ടുപാൽ വിറ്റിട്ടായാലും ഒരു ഹെക്ടർ വിസ്തൃതിയിൽ റബ്ബർകൃഷി ചെയ്യുന്ന ഒരു സാധാരണ കൃഷിക്കാരന് തരക്കേടില്ലാതെ ഒരു കുടുംബം നടത്തിക്കൊണ്ടു പോകാം എന്ന സ്ഥിതി ഉണ്ടായിരുന്നു. പരസ്യത്തിന്റെ പിൻബലം ഇല്ലാതെ പരിശ്രമം കൊണ്ട് മാത്രം വിളവെടുക്കാൻ കഴിയുന്ന ഒരു നാണ്യവിള എന്ന രീതിയിൽ റബ്ബർ കേരളത്തിന്റെ കാർഷികമേഖലയിലും സമ്പദ്‌വ്യവസ്ഥയിലും വിപ്ലവകരമായ മാറ്റം സൃഷ്ടിച്ചിട്ടുണ്ട്.

ഒരു നൂറ്റാണ്ടു മുൻപ് തന്നെ ഇന്ത്യയിൽ റബ്ബർകൃഷി ചെയ്തിരുന്നു. അടുത്തിടെ ഒരു പ്രാസംഗികൻ കേരളത്തിൽ റബ്ബർകൃഷിയുടെ വേരുകൾ അന്വേഷിച്ചു മനോരമയുടെ റെക്കോർഡ് റൂമിൽ ചെന്ന അനുഭവം പറഞ്ഞു കേട്ടു. 1902-ൽ റബ്ബറിനു പ്രചുരപ്രചാരം നടത്തിയ പത്രമാധ്യമം ആയിരുന്നു മലയാള മനോരമ. അതിലെ മുഖപ്രസംഗത്തിൽ പറഞ്ഞ ഒരു വാചകം ഇവിടെ ഉദ്ധരിക്കട്ടെ. ആഫ്രിക്കയിലെ ഖനികളിൽ നിന്നും സ്വർണം എടുത്താൽ പോലും റബ്ബറിന്റെ അത്ര ആദായം കിട്ടില്ല എന്നാണ്. യാതൊരു മുൻവിധിയുമില്ലാതെ റബ്ബർ നട്ട കർഷകന്റെ ആത്മവിശ്വാസത്തിനു കൊടുത്ത കൈത്താങ്ങ് തന്നെ ആയിരുന്നു മുൻവിധിയോടുള്ള ഈ വാക്കുകൾ. ടാപ്പിങ്ങിനിടെ ചോർന്നു പോകുന്ന പാൽത്തുള്ളികൾ ശ്രദ്ധയോടെ ശേഖരിച്ചു ഉണക്കി വിറ്റ് ആ പണം കൊണ്ട് തന്റെ മകനെ ഐ.എ.എസ്.-കാരൻ ആക്കിയ ഒരു പിതാവിനെക്കുറിച്ച് അടുത്തിടെ അറിയാൻ ഇടയായി. കുടിയേറ്റ കർഷകരിലും മലയോര കർഷകനിലും റബ്ബറിനെ കുറിച്ചുള്ള വിജ്ഞാനവ്യാപനം വിദൂര സ്വപ്നം ആയിരുന്ന കാലഘട്ടത്തിൽ പോലും റബ്ബർകർഷകരുടെ മക്കൾ നല്ല ഉദ്യോഗങ്ങൾ കൈവരിച്ചു വിദേശങ്ങളിൽ അവ

രുടെ ഭാവി സുസ്ഥിരമാക്കിയിരുന്നു. നെല്ലും നാളികേരവും കേരളത്തിന്റെ കാർഷികമേഖല കൈയ്യടക്കി വാണിരുന്ന കാലത്താണ് റബ്ബറിന്റെ രംഗപ്രവേശം. ഗൾഫ് പണം കഴിഞ്ഞാൽ റബ്ബറിൽ നിന്നുള്ള ആദായമായിരുന്നു കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നേടുംതൂൺ. മധ്യതിരുവിതാംകൂറിലെ പ്രത്യേകിച്ചും കോട്ടയം ഉൾപ്പെടുന്ന ജില്ലകളിലെ മലയോരകർഷകരെ സാമ്പത്തികമായ ഉന്നതിയിലെത്താൻ സഹായിച്ചത് റബ്ബർകൃഷി ആണെന്നത് നിസ്സംശയം പറയേണ്ടുന്ന ഒരു വസ്തുതയാണ്.

തോട്ടവിളകളുടെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും നാടായ കേരളത്തിലേക്കുള്ള റബ്ബറിന്റെ വരവിനു തൊട്ടു മുൻപ് നാം ചിന്തിക്കേണ്ട മറ്റൊരു കാര്യം തെക്കേ അമേരിക്കയിലെ ആമസോൺ വനങ്ങളിൽ വളർന്നിരുന്ന റബ്ബർ ഏഷ്യയിലെ ഉഷ്ണമേഖലാ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ കൃഷിചെയ്യാൻ ഉണ്ടായ സാഹചര്യം ആണ്. ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ ബാക്കി പത്രം ആണ് ഇന്ത്യയിൽ റബ്ബർ എന്ന് വേണമെങ്കിൽ പറയാം. റബ്ബറിന്റെ മൂല്യം കണ്ടറിഞ്ഞു റബ്ബർകൃഷി വിജയിപ്പിച്ചതിന്റെ പിന്നിൽ ബ്രിട്ടീഷുകാർ തന്നെ ആയിരുന്നു. ബ്രസീലിൽ നിന്നും പുറപ്പെട്ട റബ്ബർ തൈകൾ ആദ്യത്തെ ഇടത്താവളം കണ്ടത് ബ്രിട്ടനിലെ ക്യൂ ഗാർഡനിൽ ആയിരുന്നു. 1873-ൽ കൽക്കട്ടയിലെ ബൊട്ടാണിക്കൽ ഗാർഡനിൽ കൃഷി ആരംഭിച്ചു.1902-ൽ ആണ് കേരളത്തിൽ ആദ്യമായി വാണിജ്യാടിസ്ഥാനത്തിൽ കൃഷി ആരംഭിച്ചത്. 1897-ൽ കൊച്ചിയിൽ കപ്പലിറങ്ങിയ അയർലണ്ടുകാരൻ ആയ മർഫി സായിപ്പിന് കേരളത്തിൽ റബ്ബർകൃഷിയുടെ വ്യാപനം തുടങ്ങിയതിൽ നല്ല പങ്കുണ്ട്. ചെറുകിട തോട്ടങ്ങൾ ആയിരുന്നു ഇവിടെ വിജയം കൈവരിച്ചതിൽ ഏറെയും. കർഷകന്റെ കഠിനാധ്വാനം, താൽപര്യം, മണ്ണിനോടുള്ള സ്നേഹം, ഉത്പാദനക്ഷമത ഇവയെല്ലാം വിജയത്തിന്റെ കാരണങ്ങളാണ്. 1929-1933 ലെ സാമ്പത്തിക മാന്ദ്യം റബ്ബറിന്റെ വിലയിടിച്ചിലിനു കാരണം ആയി എങ്കിലും 1939-ൽ രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ തെക്കു കിഴക്കേഷ്യൻ രാജ്യങ്ങൾ ജപ്പാന്റെ അധീനതയിൽ വന്നതും ബ്രിട്ടൻ ഉൾപ്പെട്ട സഖ്യകക്ഷികൾക്ക് യുദ്ധാവശ്യത്തിനു കൂടുതൽ റബ്ബർ ആവശ്യം ആയി വന്നതും മൂലം യുദ്ധകാലത്തു കർഷകർ കൂടുതൽ റബ്ബർ ഉത്പാദിപ്പിക്കണം എന്ന നിർദേശം കൊണ്ടുവന്നു. ഉത്പാദനക്ഷമത കൂട്ടാൻ പല പരീക്ഷണങ്ങളും ആരംഭിച്ചു. യുദ്ധത്തിന് ശേഷം കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഭരണപരമായ നടപടി ഉണ്ടാകുമെന്ന വാഗ്ദാനം സർക്കാരിന്റെ പക്ഷത്തു നിന്നും ഉണ്ടായി. 1947-ൽ റബ്ബർ ആക്ട് രൂപം കൊണ്ടു. ഇന്ത്യയിലെ റബ്ബർവ്യവസായം അഭിവൃദ്ധിപ്പെടുത്താനായി ഇന്ത്യൻ റബ്ബർബോർഡ് നിലവിൽ വന്നു.

ഉത്പാദനത്തിലും വിളവെടുപ്പിലും റബ്ബർകൃഷി എഴുപത്തഞ്ച് വർഷം കൊണ്ട് വ്യാപകമായ നേട്ടം കൈവരിച്ചെങ്കിലും ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള വലിയ അന്തരം ഇറക്കുമതിക്ക് പച്ചക്കൊടി വീശുന്നു. ഒരു ഹെക്ടറിൽ 500 കി.ഗ്രാം റബ്ബർ ഉൽപാദിപ്പിച്ചിരുന്നത് ഇന്ന് 1750 കി. ഗ്രാം ആയി. മോട്ടോർ വാഹനങ്ങളുടെ വർധനയും റബ്ബറുത്പന്നങ്ങളുടെ വ്യാപകമായ ഉപയോഗവും മൂലം റബ്ബറിന് മേൽക്കുമേൽ ആവശ്യം വന്നുകൊണ്ടിരിക്കുന്നു.

തോട്ടം മേഖല ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് വിദഗ്ദ്ധരായ ടാപ്പർമാരുടെ ദൗർലഭ്യം ആണ്. കാലാവസ്ഥാവ്യതിയാനങ്ങൾ തോട്ടവിളകൾക്കു നേരെ ഉയർത്തുന്ന വെല്ലുവിളിയും വളരെ വലുതാണ്. സുസ്ഥിരമായ ഒരു തൊഴിൽസംസ്കാരം റബ്ബർമേഖലയിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. ടാപ്പിങ് തൊഴിലാളികൾ ആ മേഖലയിൽ ഉറച്ചുനിൽക്കാനായി റബ്ബർബോർഡ് വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വനിതാ ടാപ്പർമാരെ ഉദ്ദേശിച്ച് ബഡ്ജറ്റിൽ നല്ലൊരു തുക മാറ്റി വച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത തോട്ടങ്ങളിൽ ജോലി ചെയ്യുന്ന ടാപ്പർമാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായ നിധിയൊടൊപ്പം തന്നെ പെൺകുട്ടികളുടെ വിവാഹ ആവശ്യങ്ങൾക്കും ധനസഹായം നല്കുന്നുണ്ട്. സഹകരണ സംഘങ്ങൾ റബ്ബർമേഖലയുടെ കരുത്താണ്. ഈ സംഘങ്ങൾ വഴിയുള്ള മാർഗദർശനവും പരിശീലനവും സ്ത്രീകൾക്ക് റബ്ബർമേഖലയിൽ കൂടുതൽ വരുമാനം നേടിയെടുക്കാൻ സഹായിക്കും.

റബ്ബർകർഷകർ എല്ലാക്കാലവും നേരിടുന്ന പ്രതിസന്ധികളിൽ ഒന്നാണ് വിലയിലെ ഏറ്റക്കുറച്ചിൽ. കേരളത്തിലെ റബ്ബർകർഷകരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വെല്ലുവിളി തന്നെയാണിത്. 2011-12 കാലഘട്ടത്തിൽ ഒരു കിലോഗ്രാം റബ്ബറിന് 250 രൂപയോളം ഉയർന്നെങ്കിലും 2015 ആയപ്പോഴേക്കും വില നൂറിലേക്ക് താഴ്ന്നു. ലോക്ക് ഡൗൺ കഴിഞ്ഞ് വിപണി ഉഷാറായതോടെ വിലയുടെ ഗ്രാഫ് ഇപ്പോൾ ഉയർന്നു നിൽക്കുന്നു. ഒരു സാധാരണ റബ്ബർകർഷകനെ സംബന്ധിച്ചിടത്തോളം അയാളുടെ കുടുംബ ബജറ്റിന്റെ താളം തെറ്റിക്കാൻ ഈ ഏറ്റക്കുറച്ചിലുകൾ മതി. കാലാവസ്ഥാവ്യതിയാനം, അന്താരാഷ്ട്ര ആഭ്യന്തര വിപണിയിലെ വില വ്യത്യാസം, എന്നിവയെല്ലാം റബ്ബർവിലയിലെ ഏറ്റക്കുറച്ചിലുകളെ സ്വാധീനിക്കുന്ന ഘടകങ്ങൾ ആണ്. ചെറുകിടകർഷകന് വലിയ ആശ്വാസമായി കേരള സർക്കാർ നടപ്പാക്കിയ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നിലകൊള്ളുന്നു.

സുസ്ഥിരമായ ഒരു നേട്ടം കൈവരിക്കാൻ കാലാവസ്ഥയെയും പ്രകൃതിയെയും അറിഞ്ഞ് കൃഷിരീതിയിൽ മാറ്റങ്ങൾ വരുത്തണം. കൃഷി നന്നായാൽ എല്ലാം നന്നായി എന്നാണ് ഹരിതവിപ്ലവത്തിന്റെ പിതാവായ ഡോ. എം.എസ്. സ്വാമിനാഥൻ പറഞ്ഞിട്ടുള്ളത്. യുദ്ധകാലത്ത് ബംഗാളിൽ നടമാടിയിരുന്ന പട്ടിണിമരണം ആണ് കാർഷികമേഖലയിൽ സുസ്ഥിരത കൈവരിക്കുന്നതിനുവേണ്ടി, കാലാവസ്ഥാവ്യതിയാനങ്ങളെ പ്രതിരോധിക്കാൻ പാകത്തിൽ ഗവേഷണാർദ്ധം പുതിയ വിത്തുകൾ ഉത്പാദിപ്പിക്കാൻ പ്രേരിപ്പിച്ചത്. ഇന്ന് കാണുന്ന കേരളം കരുത്തിന്റെ വിളയായ റബ്ബറിന്റേത് കൂടി ആണ്. സാധാരണക്കാരന് ആശ്രയിക്കാവുന്ന ഒരു വിള കൂടി ആണ് റബ്ബർ. കാലാവസ്ഥാവ്യതിയാനങ്ങൾ ഉയർത്തുന്ന വെല്ലുവിളി പ്രതിരോധിക്കാൻ പാകത്തിൽ ആധുനിക ടെക്നോളജി ഉപയോഗപ്പെടുത്തണം. വ്യാവസായികമേഖലയിലെ റബ്ബറിന്റെ ആവശ്യകത റബർകൃഷിക്ക് ഇനിയും ഒരു അങ്കത്തിന് ബാല്യമുണ്ട് എന്ന് കർഷകരെ ഓർമപ്പെടുത്തുന്നു.

ഇതോടൊപ്പംതന്നെ ലോകബാങ്കിന്റെ സഹായത്തോടെ കൃഷിവകുപ്പ് നടത്തുന്ന കേര പ്രോജക്ട് അത്യുത്പാദനശേഷിയും കാലാവസ്ഥാവ്യതിയാനങ്ങളെ പ്രതിരോധിക്കുകയും ചെയ്യുന്ന റബ്ബറിനങ്ങളുടെ പുനർ നടീലിന് നൽകുന്ന ധനസഹായം കൂടുതൽ കൃഷിക്കാരെ റബ്ബർമേഖലയിലേക്ക് ആനയിക്കുന്നു.

*(കോട്ടയം സ്വദേശിയായ ലേഖിക റബ്ബർബോർഡിലെ സെക്ഷൻ ഓഫീസറാണ്)*



# കോൾ സെന്ററിൽനിന്ന്...

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'കുറഞ്ഞ ചെലവിൽ കാർഷികയന്ത്രങ്ങൾ സ്വന്തമാക്കാൻ സ്മാം പദ്ധതി' എന്ന വിഷയത്തിൽ കേരള കാർഷികവികസന കർഷക ക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ വിനിയ വി.എസ്., 'റബ്ബറിന്റെ ഇലരോഗങ്ങൾക്കെതിരെ ഡ്രോൺ സ്പ്രേയിങ്' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ്, 'ഒട്ടുപാൽ ശേഖരണവും സംഭരണവും' എന്ന വിഷയത്തിൽ കവണാർ ലാറ്റക്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിങ് ഡയറക്ടർ രഞ്ജിത് ഡി. എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## കുറഞ്ഞ ചെലവിൽ കാർഷികയന്ത്രങ്ങൾ സ്വന്തമാക്കാൻ 'സ്മാം' പദ്ധതി

1. ***കാർഷിക യന്ത്രവത്കരണ ഉപപദ്ധതി ('സ്മാം') എന്താണെന്ന് വിശദീകരിക്കാമോ?***

കേന്ദ്രസർക്കാരും കേരളസർക്കാരും സംയുക്തമായി നടപ്പാക്കുന്ന ഒരു പദ്ധതിയാണ് കാർഷിക യന്ത്രവത്കരണ ഉപപദ്ധതി (SMAM - Sub-Mission on Agricultural Mechanization). കാർഷികമേഖലയിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുക, കാർഷിക യന്ത്രങ്ങൾ സ്വന്തമായി വാങ്ങുന്നതിന് കർഷകർക്ക് സാമ്പത്തികസഹായം നൽകുക, കാർഷികയന്ത്രങ്ങളുടെ വാടകകേന്ദ്രങ്ങൾ തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. വിവിധ തരത്തിലുള്ള യന്ത്രങ്ങൾ വാങ്ങുന്നതിന് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40 മുതൽ 50 വരെ ശതമാനം ധനസഹായം ലഭിക്കുന്നു. കാർഷികോത്പന്നങ്ങളുടെ സംസ്കരണത്തിനാവശ്യമായതും മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണത്തിനാവശ്യമായതുമായ യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിന് 50 ശതമാനം വരെ സാമ്പത്തികാനുകൂല്യം ലഭിക്കും.

കാർഷികയന്ത്രങ്ങളുടെ വാടകകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 40 ശതമാനവും ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് 80 ശതമാനവും സാമ്പത്തികാനുകൂല്യം ലഭിക്കും. ഗ്രാമീണസംരംഭകർ, കർഷകർ എന്നിവർക്കും കർഷകരുടെ സ്വയംസഹായ ഗ്രൂപ്പുകൾ, കാർഷികോത്പാദകസംഘങ്ങൾ, കർഷകരുടെ സഹകരണസംഘങ്ങൾ തുടങ്ങിയവയ്ക്കും പദ്ധതിനിബന്ധനകൾക്കനുസരിച്ച് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. agri.machinery.nic.in എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ ആയി അപേക്ഷകൾ സമർപിക്കാം. വ്യക്തികൾക്ക് നറുക്കെടുപ്പിലൂടെയും സംഘങ്ങൾക്ക് രജിസ്റ്റർ ചെയ്യുന്നതിന്റെ മുൻഗണനാക്രമത്തിലും ആയിരിക്കും യന്ത്രങ്ങൾ അനുവദിക്കുന്നത്. പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കും വനിതകൾക്കും മുൻഗണന ലഭിക്കും. മുൻവർഷങ്ങളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് അപേക്ഷ നൽകുന്നതിന്റെ മുൻഗണനാക്രമത്തിൽ ആയിരുന്നെങ്കിൽ 2026-27 വർഷത്തിൽ അത് ലോട്ടറി സംവിധാനം വഴിയാണ്. കർഷകർക്ക് ലോട്ടറി വിൻഡോയിൽ നിന്ന് അറിയിപ്പ് ലഭിക്കുന്ന പ്രകാരം പറഞ്ഞിരിക്കുന്ന സമയപരിധിക്കുള്ളിൽ കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനായി ഡീലറെ തെരഞ്ഞെടുത്തശേഷം ഡീലറുടെ പക്കൽ നിന്നും നേരിട്ട് കാർഷികഉപകരണങ്ങൾ വാങ്ങാവുന്നതാണ്.

2. ***'സ്മാം' പദ്ധതിയിൽ കാർഷികയന്ത്രങ്ങൾ വാങ്ങാൻ സമയപരിധിയോ തുകപരിമിതിയോ ഉണ്ടോ?***

സാമ്പത്തികവർഷത്തെ അടിസ്ഥാനമാക്കിയുള്ള ഒരു പദ്ധതിയാണിത്. എല്ലാ വർഷവും മാർച്ച് 31 വരെയാണ് ഇതിന്റെ കാലാവധി. ഈ കാലാവധിക്കുള്ളിൽ പദ്ധതിയിൽ അപേക്ഷിക്കാം. ഈ പദ്ധതിപ്രകാരം കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിന് തുക പരിമിതിയില്ല. എന്നാൽ ഒരാൾക്ക് ഒരു വർഷം പരമാവധി രണ്ടു കാർഷിക ഉപകരണങ്ങളാണ് വാങ്ങാവുന്നത്.

3. ***കാർഷികയന്ത്രങ്ങൾ 'സ്മാം' പദ്ധതിയിലൂടെ വാങ്ങുന്നതിന് ബാങ്കുവായ്പ ലഭ്യമാണോ?***

കാർഷികയന്ത്രങ്ങൾ 'സ്മാം' പദ്ധതിയിലൂടെ വാങ്ങുന്നതിന് എല്ലാ ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാണ്. കൂടാതെ കേരളസർക്കാർ നടപ്പാക്കുന്ന കാർഷിക അടിസ്ഥാനസൗകര്യവിക



*വിനിയ വി.എസ്. സംശയങ്ങൾക്ക് മറുപടി പറയുന്നു*

സന നിധി (Agriculture Infrastructure Fund) പദ്ധതിയിലൂടെ കർഷകർ, കർഷകസംഘങ്ങൾ. കാർഷിക സംരംഭകർ, മറ്റു സഹകരണസ്ഥാപനങ്ങൾ, സമൂഹ കൃഷി നടത്തുന്നവർ മുതലായവർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭിക്കും.

4. ***'സ്മാം' പദ്ധതിയിലൂടെ കാർഷികാവശ്യത്തിനുള്ള ഡ്രോണുകൾ വാങ്ങാൻ ധനസഹായം ലഭിക്കുമോ?***
വ്യക്തികൾക്ക് 50 ശതമാനവും കർഷകസംഘങ്ങൾക്ക് 80 ശതമാനവും ധനസഹായത്തോടെ കാർഷികാവശ്യത്തിനുള്ള ഡ്രോണുകൾ വാങ്ങാൻ കഴിയും.

5. ***റബ്ബറിൽ ഇടവിളക്കൃഷിക്കായി തുള്ളിനന ഏർപ്പെടുത്താൻ ധനസഹായം ലഭിക്കുമോ?***
'സ്മാം' പദ്ധതിയിൽ ജലസേചനത്തിന് ഇപ്പോൾ പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ 'രാഷ്ട്രീയ കൃഷി വികാസ് യോജന പെർ ഡ്രോപ് മോർ ക്രോപ്' (RKVY-PDMC) പദ്ധതി പ്രകാരം തോട്ടവിളകളിൽ ഇടവിളകളായി പച്ചക്കറികളോ ഫലവൃക്ഷങ്ങളോ പരമാവധി അഞ്ച് ഹെക്ടർ വരെ കൃഷിചെയ്യുന്നതിന് ജലസേചനം നടപ്പാക്കാൻ നിബന്ധനകൾക്ക് വിധേയമായി ധനസഹായത്തിനുള്ള പദ്ധതിയുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അതത് ജില്ലാ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായി ബന്ധപ്പെടാവുന്നതാണ്.

## റബ്ബറിന്റെ ഇലരോഗങ്ങൾക്കെതിരെ ഡ്രോൺ സ്പ്രേയിങ്

1. ***റബ്ബറിൽ ഡ്രോൺ ഉപയോഗിച്ച് മരുന്നു തളിക്കുന്നതുകൊണ്ടുള്ള മെച്ചങ്ങൾ എന്തെല്ലാമാണ് ?***
ഡ്രോണുപയോഗിച്ച് മരുന്നുതളിക്കുന്നത് കൊണ്ട് കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ തോട്ടങ്ങളിൽ മരുന്നടിക്കാൻ കഴിയുന്നു. രാസവസ്തുക്കൾ കുറഞ്ഞ അളവിൽ ഉപയോഗിച്ച് കൂടുതൽ സ്ഥലത്ത് രോഗപ്രതിരോധം നടത്താം. കൂടാതെ തൊഴിലാളികൾക്ക് കുമിൾനാശിനികളുമായി നേരിട്ടുള്ള സമ്പർക്കവും അതുകൊണ്ടുണ്ടാകാവുന്ന ദൂഷ്യവശങ്ങളും ഒഴിവാക്കാം. പരമ്പരാഗത മൈക്രോൺ സ്പ്രേയിങ്ങിനെ



*ഡോ. ഷാജി ഫിലിപ്പ് സംശയങ്ങൾക്ക് മറുപടി പറയുന്നു*

അപേക്ഷിച്ച് കർഷകർക്ക് 40 ശതമാനത്തോളം തുക ലാഭിക്കാൻ കഴിയുന്നു. തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്ന ഇക്കാലത്ത് കുറച്ചു തൊഴിലാളികളെ ഉപയോഗിച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ സ്ഥലത്ത് സ്പ്രേയിങ് നടത്താം എന്നതും ഇതിന്റെ ഒരു മേന്മയാണ്.

2. ***ഡ്രോൺ ഉപയോഗിച്ച് ഒരു ഹെക്ടർ സ്ഥലത്ത് മരുന്നുതളിക്കാനായി എന്തെല്ലാം ആവശ്യമാണ്?***
റബ്ബറിൽ ഇലരോഗങ്ങൾക്കെതിരെ ഡ്രോൺ സ്പ്രേയിങ് നടത്തുമ്പോൾ ഒരു ഹെക്ടർ സ്ഥലത്ത് മരുന്നു തളിക്കാനായി നാലു കിലോഗ്രാം കോപ്പർ ഓക്സിക്ലോറൈഡും 40 ലിറ്റർ അഗ്രിക്കൾച്ചർ സ്പ്രേ ഓയിലും മതിയാകുന്നതാണ്.

3. ***ഡ്രോൺ ഉപയോഗിച്ച് മരുന്നുതളിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് ?***
ഡി.ജി.സി.എ. അംഗീകരിച്ച ഡ്രോൺ പൈലറ്റ് ലൈസൻസ് ഉള്ള വ്യക്തികൾക്ക് മാത്രമേ ഡ്രോൺ പറത്തുന്നതിന് അനുവാദമുള്ളൂ. ഡ്രോൺ സ്പ്രേയിങ് നടത്തുന്നതിനു മുമ്പ് കർഷകർ ലോക്കൽ പഞ്ചായത്ത് മെമ്പറെയും പോലീസിനെയും മുൻകൂട്ടി വിവരം അറിയിക്കുന്നത് നല്ലതാണ്. ഡ്രോൺ ഉപയോഗിച്ച് മരുന്നു തളിക്കുന്ന തോട്ടങ്ങളുടെ അടുത്തുള്ള വീടുകളിലെ കിണർ, കുളം, ടാങ്ക് ഇവ മൂടിയിടണം. തടാകം നദി എന്നിവ ഒഴിവാക്കി വേണം മരുന്നടിക്കാൻ. ഡ്രോൺ ഉപയോഗിച്ച് മരുന്നടിക്കുന്നതിനെ പറ്റി പരിസരവാസികളെ പറഞ്ഞു മനസ്സിലാക്കണം. ഡ്രോണിന്റെ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ ഇവ വാങ്ങി പരിശോധിക്കുന്നതും നല്ലതായിരിക്കും.

4. ***ഡ്രോണുപയോഗിച്ച് സ്പ്രേയിങ് നടത്തുമ്പോൾ ഉള്ള പരിമിതികൾ എന്തെല്ലാമാണ് ?***
ഡ്രോൺ ഉപയോഗിച്ചുള്ള സ്പ്രേയിങ്ങിന് ചില പരിമിതികളും നിയമങ്ങളും ഉണ്ട്. അത് തീർച്ചയായും അറിഞ്ഞിരിക്കുകയും പ്രാവർത്തികമാക്കുകയും വേണം. ഡ്രോൺ ഉപയോഗിക്കാവുന്ന സ്ഥലങ്ങളെ ഗ്രീൻ സോൺ, യെല്ലോ സോൺ, റെഡ് സോൺ എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. ഗ്രീൻ സോൺ, ഡ്രോൺ പറപ്പിക്കാൻ സുരക്ഷിതമായ സ്ഥലമാണ്. ഇവിടെ ഡ്രോൺ പറത്തുന്നതിന് റിസ്ക് കുറവാണ്. ഗ്രീൻ സോണിൽ ഡ്രോൺ പറത്താവുന്ന ഉയരം 120 മീറ്റർ ആണ്. യെല്ലോ സോൺ നിയന്ത്രിത മേഖലയായിരിക്കും. അവിടെ ഡ്രോൺ പറത്തുന്നതിന് ഡി.ജി.സി.എ.-യുടെ ആനുവാദം ആവശ്യമാണ്. വിമാനത്താവളങ്ങളുടെ അഞ്ചു മുതൽ 12 വരെ കിലോമീറ്റർ ചുറ്റളവ് യെല്ലോ സോൺ ആണ്. പട്ടാള ക്യാമ്പുകൾ വിമാനത്താവളങ്ങൾ മറ്റ് എയർ കണ്ട്രോൾഡ് സ്ഥലങ്ങൾ എന്നിവയോട് അടുത്തുള്ള തോട്ടങ്ങളിൽ മരുന്നടിക്കേണ്ടി വരുമ്പോൾ ബന്ധപ്പെട്ട അധികാരികളുടെ അനുവാദം വാങ്ങിയശേഷം മാത്രമേ ഡ്രോൺ ഉപയോഗിക്കാവൂ. പട്ടാള ക്യാമ്പുകൾ, പ്രതിരോധ സേനയുടെ ക്യാമ്പുകൾ, ന്യൂക്ലിയർ പ്ലാന്റുകൾ തുടങ്ങിയവയെല്ലാം റെഡ് സോണിൽ വരുന്നു. ഇവിടെ ഡ്രോൺ പറത്തുന്നത് പൂർണമായും നിരോധിച്ചിരിക്കുന്നു. കൂടാതെ അന്താരാഷ്ട്ര നിയന്ത്രണരേഖയിലും ഡ്രോൺ പറത്താൻ അനുവാദമില്ല. കലാപങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഡ്രോൺ പറത്തുന്നതിന് അധികാരികളിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് സമ്മതപത്രം വാങ്ങേണ്ടതാണ്.

5. ***ഡ്രോൺ ഉപയോഗിച്ച് മരുന്നുതളിക്കുമ്പോൾ തോട്ടങ്ങളുടെ അതിരുകൾ എങ്ങനെയാണ് നിശ്ചയിക്കുന്നത് ?***
ഡ്രോണിന് ഉയരവും തടസ്സങ്ങളും മനസ്സിലാക്കാൻ കഴിവുള്ള സെൻസറുകൾ ഉണ്ട്. മരുന്നുതളിക്കുന്നതിനുള്ള തോട്ടത്തിന്റെ വിസ്തൃതിയും അതിരുകളും ആട്ടോമാറ്റിക്കായി മാപ്പിങ് ചെയ്തു നിശ്ചയിച്ച ശേഷമാണ് മരുന്നു തളിക്കുന്നത്.

6. ***ഡ്രോൺ ഉപയോഗിച്ച് ഒരു മണിക്കൂർ കൊണ്ട് എത്ര വിസ്തൃതി തോട്ടത്തിൽ മരുന്നുതളിക്കാം?***
ഡ്രോൺ ഉപയോഗിച്ച് ഒരു മണിക്കൂറിൽ നാലു മുതൽ ആറ് വരെ ഹെക്ടർ സ്ഥലത്ത് മരുന്നുതളിക്കാവുന്നതാണ്.

7. ***ടാപ്പുചെയ്യുന്ന മരങ്ങളിൽ മഴക്കാലത്തുണ്ടാകുന്ന അകാലിക ഇലകൊഴിച്ചിലിന് എന്ത് പ്രതിരോധ നടപടിയാണ് ചെയ്യേണ്ടത്?***
മഴക്കാലം തുടങ്ങുന്നതിനുമുമ്പായി മുൻകരുതൽ നടപടിയായി ഹെക്ടർ പ്രതി എട്ടുകിലോ കോപ്പർ ഓക്സിക്ലോറൈഡ് 40 ലിറ്റർ അഗ്രിക്കൾച്ചർ സ്പ്രേ ഓയിലിൽ കലർത്തി മൈക്രോൺ സ്പ്രേയർ ഉപയോഗിച്ച് മരുന്നുതളി നടത്തണം. മൈക്രോൺ സ്പ്രേയർ ഉപയോഗിച്ച് മരുന്നുതളിക്കുമ്പോൾ എല്ലാ റബ്ബർനിരകളിലും മരുന്നുതളി നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഡ്രോണുപയോഗിച്ച് മരുന്നു തളിക്കുകയാണെങ്കിൽ നാലു കിലോഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് 40 ലിറ്റർ സ്പ്രേ ഓയിലിൽ കലർത്തി തളിച്ചാൽ മതിയാകും.

8. ***ഇലപ്പൊട്ടുരോഗം നിയന്ത്രിക്കുന്നതിന് എന്താണ് ചെയ്യേണ്ടത്?***
ഇലപ്പൊട്ടുരോഗത്തെ ഫലപ്രദമായി നിയന്ത്രിക്കാൻ മഴയ്ക്ക് മുമ്പായി തന്നെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ തോട്ടങ്ങളിൽ ആരംഭിക്കണം. മെയ് മാസത്തിൽ (കാലവർഷം തുടങ്ങുന്നതിനു മുൻപ് )തന്നെ ഇലകളിൽ കുമിളനാശിനി തളിക്കണം. ടാപ്പുചെയ്യുന്ന മരങ്ങളിൽ ഹെക്ടർപ്രതി എട്ട് കിലോഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് 40 ലിറ്റർ സ്പ്രേ ഓയിലിൽ കലർത്തി മൈക്രോൺ സ്പ്രേയർ ഉപയോഗിച്ച് മരുന്നുതളിക്കുകയോ ഡ്രോണുപയോഗിച്ച് നാലു കിലോഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് 40 ലിറ്റർ സ്പ്രേഓയിലിൽ കലർത്തി തളിക്കുകയോ ചെയ്യണം. അപക്വകാല മരങ്ങളിൽ മാങ്കോസെബ് (0.2%) ഒരു ലിറ്റർ വെള്ളത്തിൽ 2.66 ഗ്രാം എന്ന തോതിൽ കലർത്തി തളിക്കണം. ഇലപ്പൊട്ടുരോഗം കൂടുതലായി ബാധിച്ച തോട്ടങ്ങളിൽ കോപ്പർ ഓക്സിക്ലോറൈഡ് തളിക്കരുത്. ഇങ്ങനെയുള്ള തോട്ടങ്ങളിൽ മാങ്കോസെബ് ആണ് തളിക്കേണ്ടത്.

## ഒട്ടുപാൽ ശേഖരണവും സംഭരണവും

1. ***ഒട്ടുപാൽ ഉണക്കിയെടുക്കേണ്ടത് എങ്ങിനെയാണ്?***
ഒട്ടുപാൽ വൃത്തിയുള്ള സ്ഥലങ്ങളിൽ നിരത്തിയിട്ട് ഉണക്കിയെടുക്കണം. കൂടുതൽ ദിവസം വെയിലത്തിട്ട് ഉണക്കാതിരിക്കുക. ചാക്കിൽകെട്ടി സൂക്ഷിക്കുന്നതും ഒഴിവാക്കണം. വെള്ളം വാർന്നുപോകുന്നതിന് സൗകര്യമുള്ള സ്ഥലങ്ങളിൽ നിരത്തിയിട്ട് ഉണക്കിയെടുക്കാം. ഒട്ടുപാൽ കൂടുതൽ ദിവസം വെയിലത്തിട്ട് ഉണക്കുമ്പോൾ ജാരണം നടന്ന് ഒട്ടലിന് കാരണമാകുന്നു. ഉയർന്ന ഊഷ്മാവിൽ ദീർഘനേരം പുകപ്പുരകളിൽ ഉണക്കുമ്പോഴും ഒട്ടുപാലിന് ജാരണം സംഭവിച്ച് ഉരുകി ഗുണമേന്മ കുറയാൻ ഇടയാകുന്നു.




*രഞ്ജിത് ഡി. സംശയങ്ങൾക്ക് മറുപടി പറയുന്നു*

2. ***ഒട്ടുപാലിൽ ഉൾപെടുന്ന റബ്ബറിന്റെ വിവിധ വകഭേദങ്ങൾ എന്തെല്ലാം?***
വള്ളിപ്പാൽ, ചിരട്ടപ്പാൽ, പിണ്ടിപ്പാൽ എന്നിവയാണ് ഒട്ടുപാലിന്റെ പ്രധാന വകഭേദങ്ങൾ. ഗുണമേന്മയുള്ള ബ്ലോക്കുറബ്ബർ നിർമിക്കാനാണിത് ഉപയോഗിക്കുന്നത്. മൺപാൽ, കറുത്തപോള (black shell) എന്നിവയെല്ലാം മേന്മ കുറഞ്ഞവയും റബ്ബറിന്റെ സ്വാഭാവിക ഗുണങ്ങൾ നഷ്ടപ്പെട്ടവയുമായിരിക്കും. ഗുണമേന്മ കുറഞ്ഞ വസ്തുക്കളുടെ നിർമാണത്തിനാവശ്യമായ ബ്ലോക്കുറബ്ബർ നിർമിക്കാൻ മാത്രമേ ഇത്തരം ഒട്ടുപാൽ ഉപയോഗിക്കാറുള്ളൂ.

3. ***ഒട്ടുപാൽ കൂടുതൽകാലം സംഭരിച്ചുവെയ്ക്കുമ്പോൾ ഗുണമേൻമ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***
ഈർപം മാറ്റിയശേഷമേ ഒട്ടുപാൽ സംഭരിച്ചുവയ്ക്കാവൂ. ഒട്ടുപാൽ കൂട്ടിയിടുമ്പോൾ ഉൾഭാഗങ്ങളിൽ ബാക്ടീരിയ, കുമിൾ തുടങ്ങിയവ വളരുന്നു. തന്മൂലം ഈർപവും ഉയർന്ന ഊഷ്മാവും രൂപപ്പെടുന്നു. ഇത് ഒട്ടുപാലിന്റെ ഗുണമേന്മ കുറയാൻ ഇടയാക്കുന്നു. ഉണങ്ങിയതും ഉണങ്ങാത്തതുമായ ഒട്ടുപാൽ തമ്മിൽ കൂട്ടിക്കലർത്തരുത്.

4. ***ഒട്ടുപാൽ ചണച്ചാക്കുകളിൽ നിറച്ച് വിപണനം ചെയ്യണം എന്നുപറയാൻ കാരണമെന്താണ്?***
ഏറ്റവും മോശപ്പെട്ടതും മുകൾ ഭാഗം പൊട്ടിക്കീറിയതുമായ പ്ലാസ്റ്റിക് ചാക്കുകളിൽ നിറച്ചാണ് പലരും ഒട്ടുപാൽ വിപണനത്തിന് കൊണ്ടുപോകുന്നത്. ഇങ്ങനെ കൊണ്ടുവരുന്ന ഒട്ടുപാലിന്റെ തൂക്കമെടുത്തശേഷം കുടഞ്ഞിടുമ്പോൾ പ്ലാസ്റ്റിക് നൂലുകൾ ഒട്ടുപാലുമായി കലരാൻ ഇടയാകുന്നു. ഇത്തരത്തിലുള്ള ഒട്ടുപാൽ ഉപയോഗിച്ച് ബ്ലോക്കുറബ്ബർ നിർമിക്കുമ്പോൾ പ്ലാസ്റ്റിക്കിന്റെ അംശങ്ങൾ ബ്ലോക്കുറബ്ബറിൽ കലരാനിടയാകുകയും ഉത്പന്നത്തിന്റെ ഗുണ

മേന്മയെ ബാധിക്കുകയും ചെയ്യുന്നു. അതിനാൽ ചണച്ചാക്കിൽ മാത്രം ഒട്ടുപാൽ നിറയ്ക്കുകയും ചാക്ക് കെട്ടുന്നതിനായി പ്ലാസ്റ്റിക് വള്ളിക്ക് പകരം ചെറിയ കയറോ ചാക്കുനൂലോ മാത്രം ഉപയോഗിക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

5. ***ഒട്ടുപാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?***

ഒട്ടുപാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്താനായി റബ്ബറിതരമാലിന്യങ്ങൾ ഒട്ടുപാലിൽ കലരുന്നില്ലെന്ന് ഉറപ്പാക്കണം. ലോഹക്കഷണങ്ങൾ, പ്ലാസ്റ്റിക് നിർമിതവസ്തുക്കൾ, തുണി, ഷേഡ് നെറ്റ്, ഉപയോഗശൂന്യമായ റബ്ബറുത്പന്നങ്ങൾ, സ്കിം റബ്ബർ മുതലായവ ഒരു കാരണവശാലും ഒട്ടുപാലിൽ കലരാൻ പാടില്ല. ബോധപൂർവമായ മലിനീകരണം നിർബന്ധമായും ഒഴിവാക്കണം. കല്ല്, മണൽ മുതലായവ പിണ്ടിപ്പാലിൽ ചേർക്കുന്നത് മായംചേർക്കൽ നിരോധനനിയമത്തിന്റെ പരിധിയിൽ വരുന്ന കടുത്ത കുറ്റമാണ്.

6. ***കവണാർ ലാറ്റക്സ് ലിമിറ്റഡ് റബ്ബർകർഷകർക്ക് നൽകുന്ന വിവിധങ്ങളായ സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?***

'കവണാർ ലാറ്റക്സ്' കമ്പനി ഷീറ്റുറബ്ബർ, റബ്ബർപാൽ, ഒട്ടുപാൽ എന്നിവ ഉയർന്ന വിലയ്ക്ക് കർഷകരിൽ നിന്ന് നേരിട്ടും ഉത്പാദകസംഘങ്ങൾ വഴിയും സംഭരിക്കുന്നുണ്ട്. ഇങ്ങനെ സംഭരിക്കുന്ന ഒട്ടുപാൽ ഉപയോഗിച്ച് ബ്ലോക്കുറബ്ബർ നിർമിക്കുന്ന ഫാക്ടറിയും കമ്പനിക്ക് സ്വന്തമായി ഉണ്ട്. ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് സംഭരിക്കുന്നതിനാൽ കർഷകരുടെ ഉത്പന്നങ്ങൾക്ക് പരമാവധി വില നൽകാൻ കഴിയുന്നു. കാർഷികമേഖലയിൽ ഉപയോഗിക്കുന്ന വളം, മറ്റു കാർഷികവസ്തുക്കൾ എന്നിവ മിതമായ നിരക്കിൽ കർഷകരിലേക്ക് എത്തിക്കാൻ ആറു ഡിപ്പോകളും കവണാർ ലാറ്റക്സിനുണ്ട്. കൂടാതെ കരാറടിസ്ഥാനത്തിൽ കർഷകർക്ക് റബ്ബർ ആവർത്തനക്കൃഷി ചെയ്തുകൊടുക്കുകയും റബ്ബർതോട്ടങ്ങളിൽ ഡ്രോണുപയോഗിച്ച് മരുന്നുതളിച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ റബ്ബർകൃഷിയുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും 'കവണാർ ലാറ്റക്സ്' കർഷകർക്കൊപ്പമുണ്ട് .

തയ്യാറാക്കിയത്
**സ്ലീബ വി. പോൾ**
(ഫാം ഓഫീസർ)

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



**റബ്ബർബോർഡ് ലൈസൻസുകളും അവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും**

റബ്ബർവിപണനത്തിനും റബ്ബറുത്പന്നനിർമാണത്തിനും റബ്ബർബോർഡ് നൽകുന്ന വിവിധതരം ലൈസൻസുകൾ, അവ നേടുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് 2026 സെപ്റ്റംബർ 16 ബുധനാഴ്ച രാവിലെ പത്തു മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ മാർക്കറ്റ് ഇന്റലിജൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ പ്രിയ തോമസ് മറുപടി പറയും.

**ക്രൗൺബഡ്ഡിങ്**

റബ്ബറിലെ ഇലരോഗങ്ങളെ ചെറുക്കാൻ ഉപകരിക്കുന്ന ക്രൗൺബഡ്ഡിങ് രീതിയെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് 2026 ഒക്ടോബർ 07 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ് മറുപടി പറയും

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## റബ്ബറുത്പാദനപ്രോത്സാഹന പദ്ധതി പന്ത്രണ്ടാം ഘട്ടം തുടങ്ങി

റബ്ബർകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളസർക്കാർ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയുടെ പന്ത്രണ്ടാം ഘട്ടം ആരംഭിച്ചു. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് (ആർഎസ്എസ് 4) കിലോഗ്രാമിന് കുറഞ്ഞത് 250 രൂപ ഉറപ്പാക്കുന്നതാണ് ഈ പദ്ധതി.

നിലവിൽ പദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് 2026 ഒക്ടോബർ 23 വരെ രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബ്ബറുത്പാദക സംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഫോട്ടോ, ടാപ്പുചെയ്യുന്ന റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെയും ആധാർ കാർഡിന്റെയും കോപ്പി എന്നിവ ഹാജരാക്കണം. നിലവിൽ അംഗങ്ങളായിട്ടുള്ള എല്ലാ ഗുണഭോക്താക്കളും 2026-27 വർഷത്തെ ഭൂനികുതി അടച്ച രസീത് സമർപ്പിച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

ധനസഹായത്തിനായി സമർപ്പിക്കുന്ന സെയിൽസ് ഇൻവോയ്സുകൾ/ബില്ലുകൾ സാധുവായ ലൈസൻസുള്ള ഒരു ഡീലറിൽ നിന്നുള്ളതായിരിക്കണം. ഡീലർമാർ നിയമപരമായി വേണ്ട റിട്ടേണുകൾ എല്ലാം സമർപ്പിക്കുന്നവരുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടുക.

# Guard Against the Monsoon! Secure Your Latex Tapping Channels with

# ANNA RAINPROOF

(Rain Guarding Compound)

**WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON**





## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF

ISO 9001:2015 VEXIL BPS MS Q9133755

NABCB QM022

Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**

SINCE 1991

**Anna Industries**

(An ISO 9001:2015 Certified Company)

Kolenchery, Cochin, Kerala, Pin: 682 311

Phone:
93 88 60 1632
94 95 00 3366
0484 2764590
0484 2760216

E-mail: sales@annabusiness.com
annaindustries@ymail.com
annatraderskIcy@gmail.com
www.annabusiness.com

Toll Free : 1800 1230 366



# ഒക്ടോബർ മാസത്തിലെ **കൃഷിപ്പണികൾ**

റബ്ബർമരങ്ങൾക്കുള്ള രണ്ടാംഘട്ട വളംചേർക്കൽ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നടത്താം. തൻവർഷം നട്ട തൈകൾക്കുള്ള ആദ്യത്തെ വളപ്രയോഗവും ഈ കാലയളവിൽ നടത്താവുന്നതാണ്. മണ്ണിൽ ആവശ്യത്തിന് ഈർപവും സൂര്യപ്രകാശവുമുള്ള കാലാവസ്ഥയാണ് വളമിടലിന് യോജിച്ചത്.



## നഴ്സറിപരിചരണം

നഴ്സറികളിൽ അടിസ്ഥാനവളമായി ഹെക്ടറൊന്നിന് രണ്ടര ടൺ കമ്പോസ്റ്റോ നല്ലതുപോലെ അഴുകിപ്പൊടിഞ്ഞ ചാണകമോ ചേർക്കാം. ഇതോടൊപ്പം 400 കി. ഗ്രാം നന്നായി പൊടിച്ച റോക്ക് ഫോസ്ഫേറ്റും (18 ശതമാനം ഫോസ്ഫറസ് അടങ്ങിയത്) ചേർക്കണം. എല്ലാ വർഷവും ഒരേ തടങ്ങൾ തന്നെയാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ റോക്ക്ഫോസ്ഫേറ്റ് മൂന്നു വർഷത്തിലൊരിക്കൽ ചേർത്താൽ മതിയാകും. കൃഷിചെയ്യാതെ കിടക്കുന്ന സ്ഥലങ്ങളിൽ ആദ്യമായി നഴ്സറി തുടങ്ങുമ്പോൾ ആദ്യത്തെ വർഷം അടിസ്ഥാനവളമായി കമ്പോസ്റ്റോ ചാണകമോ ഉപയോഗിക്കേണ്ടതില്ല.

മുളച്ച വിത്തുകൾ നട്ട് ഒന്നര-രണ്ടു മാസങ്ങൾക്കുശേഷം നഴ്സറിയിൽ തൈകൾ ഉള്ള ഭാഗത്ത് ഹെക്ടറിന് 1255 കി. ഗ്രാം എൻ.പി.കെ.എംജി. 10-10-4-1.5 എന്ന മിശ്രിതവും 118 കി. ഗ്രാം മഗ്നീഷ്യം സൾഫേറ്റും ചേർക്കാവുന്നതാണ്. അതിനുശേഷം ആറ്, എട്ട് ആഴ്ചകൾക്കു ശേഷം തൈകൾക്ക് ചവറുവയ്ക്കുന്നതിന് മുമ്പ് നഴ്സറിയിൽ കൃഷിയുള്ള ഒരു ഹെക്ടർ സ്ഥലത്തിന് 275 കി. ഗ്രാം എന്ന തോതിൽ യൂറിയ ഇട്ടുകൊടുക്കണം. തൈകളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് ശാസ്ത്രീയമായ വളപ്രയോഗരീതികൾ അനുവർത്തിക്കേണ്ടതാണ്. ഓരോ നഴ്സറിയിലെയും മണ്ണുപരിശോധിച്ച് വളമിടുന്നതായിരിക്കും കൂടുതൽ ലാഭകരവും പ്രയോജനപ്രദവും. ഇതിന് സൗകര്യമില്ലാത്ത പക്ഷം പൊതുശുപാർശകൾ സ്വീകരിക്കണം.

ആദ്യകാലങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും നഴ്സറിയിലെ കളകൾ നീക്കംചെയ്യണം. നടീലിനുശേഷം രണ്ടോ മൂന്നോ മാസങ്ങൾക്കകം വളർച്ചയില്ലാത്ത തൈകൾ പിഴുതുമാറ്റി കരുത്തുള്ളവ മാത്രം വളരാൻ അനുവദിക്കണം. വേനൽക്കാലം തുടങ്ങുന്നതിനു മുമ്പായി (നവംബർ, ഡിസംബർ മാസങ്ങളിൽ) തൈകളുടെ ചുവട്ടിൽ ഉണങ്ങിയ ചവർ വയ്ക്കണം. തൈകളുടെ ആരോഗ്യപൂർണമായ വളർച്ചയ്ക്ക് അവ വേനൽകാലത്ത് നനയ്ക്കുന്നത് നന്നായിരിക്കും.

## മരങ്ങൾക്ക് വളമിടൽ

റബ്ബർമരങ്ങൾക്കുള്ള രണ്ടാംഘട്ട വളംചേർക്കൽ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നടത്താം. തൻവർഷം നട്ട തൈകൾക്കുള്ള ആദ്യത്തെ വളപ്രയോഗവും ഈ കാലയളവിൽ നടത്താവുന്നതാണ്. മണ്ണിൽ ആവശ്യത്തിന് ഈർപവും സൂര്യപ്രകാശവുമുള്ള കാലാവസ്ഥയാണ് വളമിടലിന് യോജിച്ചത്. എന്നാൽ, തുടർച്ചയായ മഴ വളമിടലിന് യോജിച്ചതല്ല. വിളവെടുപ്പ് നടക്കുന്ന തോട്ടങ്ങളിൽ ഏപ്രിൽ മെയ് മാസങ്ങളിൽ വളം ചേർക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതുകൂടിച്ചേർത്ത് ഇപ്പോൾ വളമിടാവുന്നതാണ്.





## ശാഖകൾ മുറിക്കൽ

ബഡ്ഡുമരങ്ങളിൽ ടാപ്പിങ് ആരംഭിക്കുന്നത് 125 സെ.മീ. പൊക്കത്തിൽ ആയതിനാൽ അതുവരെ ശിഖരങ്ങൾ നിലനിർത്തുന്നത് ടാപ്പിങ്ങിന് ബുദ്ധിമുട്ടാകും. അതിനാൽ ബഡ്ഡുതൈകളിൽ നിലനിരപ്പിൽ നിന്ന് 2.4 മീറ്ററിനു താഴെ വളരുന്ന എല്ലാ ശിഖരങ്ങളും മുറിച്ചു കളയണം. നല്ല മൂർച്ചയുള്ള കത്തിയുപയോഗിച്ച് തായ്ത്തണ്ടിനോടു ചേർത്തുവേണം ശാഖകൾ മുറിക്കാൻ. സാധാരണഗതിയിൽ ആദ്യഘട്ടത്തിൽ ശാഖകൾ മുറിച്ചുകളയുമ്പോൾ മുറിവുണങ്ങാൻ മരുന്നു പുരട്ടേണ്ടി വരികയില്ല.

## ശിഖരം കിളിർപ്പിക്കൽ

റബ്ബർതൈകൾ 2.4 മീറ്റർ (8 അടി) ഉയരമെത്തിക്കഴിഞ്ഞാൽ ആവശ്യത്തിന് ശിഖരങ്ങൾ വളരാൻ അനുവദിക്കണം. 2.4 മീറ്ററിനും 3 മീറ്ററിനും ഇടയിൽ (8-10 അടി) ഉയരത്തിൽ ശിഖരങ്ങൾ കിളിർക്കുന്നതാണ് ഉത്തമം. സ്വാഭാവികമായി ശിഖരങ്ങൾ കിളിർക്കാത്ത തൈകളിൽ കൃത്രിമമായി ശിഖരങ്ങൾ കിളിർപ്പിക്കണം.

ഏറ്റവും മുകൾത്തട്ടിലെ ഇലകൾ മൂപ്പെത്തിനിൽക്കുന്ന സമയത്താണ് ശിഖരം കിളിർപ്പിക്കാൻ ശ്രമിക്കേണ്ടത്. ഈ സമയത്ത് അഗ്രമുകുളത്തിൽ സൂര്യപ്രകാശം പതിക്കാത്ത രീതിയിൽ ഇലകൾ മടക്കി റബ്ബർബാന്റ് ഇട്ടുവെച്ചാൽ മതി. ഇങ്ങനെ ചെയ്തിരിക്കുന്ന തൈകളിൽ ശിഖരങ്ങൾ പൊട്ടിയാൽ ഉടൻതന്നെ ഇലമടക്കി ക്കെട്ടി വെച്ചിരിക്കുന്നത് അഴിച്ചുവിടുകയും അഗ്രമുകുളം തുടർന്ന് വളരാൻ അനുവദിക്കുകയും വേണം. കൂടുതൽ ശിഖരങ്ങൾ പൊട്ടിയിട്ടുണ്ടെങ്കിൽ ചുറ്റിലും മൂന്നോ നാലോ എണ്ണം നിർത്തി ബാക്കിയുള്ളവ ഒരു മൂർച്ചയുള്ള കത്തികൊണ്ട് മുറിച്ചു മാറ്റണം.



## താങ്ങുകൊടുക്കൽ

ചെറുതൈകൾ കാറ്റിൽ വളഞ്ഞുപോകുകയും ഒടിയുകയും ചെയ്യുക സാധാരണമാണ്. ഇങ്ങനെ സംഭവിക്കാതിരിക്കാൻ തൈകൾക്ക് താങ്ങുകൊടുക്കുകയോ അവ വലിച്ചുകെട്ടുകയോ ചെയ്യാം. കെട്ടുമ്പോൾ തൈയുടെ പുറന്തൊലിക്ക് കേടുവരാതിരിക്കാൻ ചകിരി, ചാക്ക് മുതലായ എന്തെങ്കിലും കൊണ്ട് പൊതിഞ്ഞ ശേഷമേ കെട്ടാവൂ. കെട്ടുകൾ അധികം മുറുകുകയുമരുത്.



## രോഗനിവാരണം

*ചീക്ക്:* മരങ്ങളിൽ പിങ്ക് അഥവാ ചീക്ക് രോഗമുണ്ടാകുന്നത് ജൂൺ-ജൂലൈ മാസങ്ങളിലാണെങ്കിലും അതിന്റെ പ്രത്യക്ഷലക്ഷണങ്ങൾ കൂടുതലായി കാണപ്പെടുന്നത് ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണ്. രണ്ട് മുതൽ പന്ത്രണ്ട് വരെ വർഷം പ്രായമുള്ള മരങ്ങളാണ് രോഗാക്രമണത്തിന് കൂടുതലായി വിധേയമാകുക. മരങ്ങളുടെ കവരഭാഗത്ത് തൊലിപ്പുറമെ വെളുപ്പോ ഇളം ചുവപ്പോ നിറത്തോടുകൂടി ചിലന്തിവല പോലെ പൂപ്പൽ വളരുകയും കേടുവന്ന ഭാഗത്തുനിന്ന് കറ ഒലിച്ചിറങ്ങി പട്ട അഴുകി വിണ്ടുകീറുകയും ചെയ്യുന്നതാണ് രോഗത്തിന്റെ പ്രധാന ലക്ഷണം. രോഗം ബാധിച്ച ഭാഗത്തിനു താഴെനിന്ന് ധാരാളം പുതിയ കിളിർപ്പുകൾ ഉണ്ടാകും. പ്രാരംഭദശയിൽ, രോഗബാധയുള്ള ഭാഗങ്ങളിലും അതിന് മുപ്പതു സെന്റീമീറ്റർ മുകളിലേക്കും താഴേക്കും നീട്ടി ബോർഡോക്കുഴമ്പു പുരട്ടണം. രോഗബാധ രൂക്ഷമാണെങ്കിൽ കേടുവന്ന ഭാഗത്തെ പട്ട ചുരണ്ടിക്കളഞ്ഞ് വീണ്ടും ബോർഡോക്കുഴമ്പ് പുരട്ടേണ്ടതാണ്. തിറം (0.75 ശതമാനം) എന്ന കുമിൾനാശിനി 10 ഗ്രാം ഒരു കിലോഗ്രാം പെട്രോളിയം ഉത്പന്നത്തിൽ ചേർത്തുണ്ടാക്കിയ മിശ്രിതവും രോഗനിവാരണത്തിന് ഉപയോഗിക്കാം. കഠിനമായ രോഗബാധയിൽ മരങ്ങളുടെ കമ്പുകളും ഇലച്ചില്ലകളും ഉണങ്ങിയാൽ അവ മുറിച്ചുമാറ്റി തീയിട്ടുനശിപ്പിക്കണം.



*പട്ടചീയൽ:* മഴക്കാലത്തു ടാപ്പുചെയ്യുന്ന മരങ്ങൾക്ക് പട്ടചീയൽ ഉണ്ടാകുന്നത് തടയാൻ അവയുടെ വെട്ടുചാലിന് സംരക്ഷണം നൽകണം. വെട്ടുചാലും അതിനു രണ്ടര സെ.മീ. വരെ മുകളിലേക്കുള്ള വെട്ടുപട്ടയും മാങ്കോസെബ് (0.375 ശതമാനം) എന്ന കുമിൾനാശിനി അഞ്ചുഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച ലായനിയുപയോഗിച്ച് 7-10 ദിവസത്തിലൊരിക്കൽ വീതം കഴുകുകയാണ് ഇതിനുള്ള മാർഗം. 100 മരങ്ങൾക്ക് ഉദ്ദേശം ഒരു ലിറ്റർ ലായനി മതിയാകും.

*കൂമ്പുചീയൽ:* നഴ്സറികളിലും തോട്ടങ്ങളിലുമുള്ള ചെറിയ തൈകളെയാണ് കൂമ്പുചീയൽരോഗം കൂടുതലായി ബാധിക്കുന്നത്. അകാലിക ഇലകൊഴിച്ചിൽ ഉണ്ടാക്കുന്ന *ഫൈറ്റോഫ്ത്തോറ* എന്ന കുമിൾ തന്നെയാണ് ചെറുതൈകളിൽ കൂമ്പുചീയലിനും കാരണമാകുന്നത്. ചെറുമരങ്ങൾക്ക് വെള്ളത്തിൽ കലക്കാവുന്ന ചെമ്പുകുമിൾനാശിനി തളിക്കാവുന്നതാണ്. ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രമോ 0.125 ശതമാനം കോപ്പർഓക്സിക്ലോറൈഡോ ഉപയോഗിച്ച് കൂമ്പുചീയൽ തടയാം. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2026 ഒക്ടോബർ മാസത്തെ പരിശീലനപരിപാടികൾ

1. **റബ്ബർകൃഷി**

   റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം ഒക്ടോബർ 05 മുതൽ 07 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗ-കീടങ്ങളുടെ നിയന്ത്രണമാർഗങ്ങൾ, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനഫീസ് 1200 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **തേനീച്ചവളർത്തൽ**

   റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ പരിശീലനം ഒക്ടോബർ 12, 13 തീയതികളിൽ നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 1200 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **റബ്ബർ വ്യവസായം**

   റബ്ബർ വ്യവസായസംരംഭകരാകാൻ താൽപര്യമുള്ളവർക്കായി പരിശീലനപരിപാടി ഒക്ടോബർ 15-ന് നടക്കും. ഷീറ്റുറബ്ബർ സംസ്കരണം, റബ്ബർപാലിൽ നിന്നും ഉണക്കറബ്ബറിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമാണം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് പരിശീലനം. പരിശീലനഫീസ് 300 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).



4. **നഴ്സറിപരിപാലനം**
റബ്ബർനഴ്സറിപരിപാലനത്തിലുള്ള പരിശീലനം ഒക്ടോബർ 15, 16 തീയതികളിൽ നടക്കും. നഴ്സറി പരിപാലനത്തിൽ ശാസ്ത്രീയമായ അറിവ് നൽകുക എന്നതാണ് ഈ രണ്ടുദിവസത്തെ പരിശീലന പരിപാടിയുടെ ലക്ഷ്യം. കൃഷിക്കാർക്കും നഴ്സറിയുടമകൾക്കും ഈ പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **റബ്ബർടാപ്പിങ്**
റബ്ബർടാപ്പിങ്ങിലുള്ള പരിശീലനം ഒക്ടോബർ 26, 27 തീയതികളിൽ നടക്കും. നൂതന ടാപ്പിങ് രീതികൾ. ഉത്തേജകഔഷധപ്രയോഗം, ഇടവേള കൂടിയ ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തവെട്ട് എന്നിവയിൽ പരിശീലനം നൽകും. പരിശീലനഫീസ് 1100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **റബ്ബറുത്പന്നനിർമാണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ്**
റബ്ബറുത്പന്നനിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. ഒക്ടോബർ 21-ന് കോഴ്സ് ആരംഭിക്കും. ഡിപ്ലോമ/ ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർ വ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം കോഴ്സിൽ പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർസംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മാനിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തികവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

7. **റബ്ബർ പ്ലാന്റേഷൻ മാനേജ്മെന്റിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ**
റബ്ബർ പ്ലാന്റേഷൻ മാനേജ്മെന്റിൽ ഒരു വർഷത്തെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സ് നടത്തുന്നു. ഒക്ടോബർ 12-ന് കോഴ്സ് ആരംഭിക്കും. കൃഷി, കൃഷിഅനുബന്ധവിഷയങ്ങൾ, പ്ലാന്റ് സയൻസ് എന്നിവയിൽ ബിരുദം നേടിയവർക്ക് കോഴ്സിൽ പങ്കെടുക്കാം. റബ്ബറുത്പാദകസംഘങ്ങൾ, കാർഷിക-വ്യാപാര സ്ഥാപനങ്ങൾ, സഹകരണസംഘങ്ങൾ, കർഷകസംഘടനകൾ, കാർഷിക സംരംഭങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ഇൻപുട്ട് ഡീലർമാർക്കും ഈ കോഴ്സിൽ പങ്കെടുക്കുന്നതിലൂടെ ആവശ്യമായ പ്രാവീണ്യം നേടാം. കൂടാതെ റബ്ബർ പ്ലാന്റേഷൻ മേഖലയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഈ കോഴ്സ് സഹായകരമാണ്. കോഴ്സ് ഫീസ് 60,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗവിഭാഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസ സൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 454 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ (04812353201), 9497317209 (വ്യവസായം), 9446428554 (കൃഷി, വിജ്ഞാനവ്യാപനം) എന്നീ ഫോൺനമ്പരുകളിലോ ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# ഓണം കഴിഞ്ഞാൽ ഓലപ്പുര, ഓട്ടപ്പുര

ഒരോണംകൂടി പടിയിറങ്ങിയിരിക്കുന്നു. ഉത്സവക്രീഡകൾ കഴിഞ്ഞ് കാലം വിശ്രമിക്കുന്ന കളിക്കളം പോലെ എന്നത് മലയാളത്തിന്റെ പ്രിയ കഥാകാരൻ എം.ടി. യുടെ പ്രയോഗമാണ്. ഓണദിനങ്ങൾ കഴിഞ്ഞ് മനസ്സ് ശൂന്യമാകുമ്പോൾ ഈ ഉപമയാണ് ഓർമയിലെത്തുക. ഓണം ഒരു പ്രദേശത്തിന്റെ ആഘോഷമല്ല ഓരോ മലയാളിയും മനസ്സിൽ സൂക്ഷിക്കുന്ന മാന്ത്രികസ്പർശമാണത്. എക്കാലവും മലയാളിയുടെ ഹൃദയത്തോട് ചേർന്ന ഓണദിനങ്ങൾ കഴിഞ്ഞുവെങ്കിലും ഓണാട്ടുകരയിലടക്കം പലപ്രദേശങ്ങളിലും ഇരുപത്തിയെട്ടാം ഓണംകൂടി കഴിയുമ്പോഴേ ഓണാഘോഷം സമ്പൂർണമാകൂ. കേരളത്തിലെ ഏറ്റവും വലിയ കാളകെട്ടുത്സവം നടക്കുന്നത് ഇരുപത്തിയെട്ടാം ഓണത്തിന് ഓച്ചിറയിലാണ്. അമ്പലമില്ലാതെ ആൽത്തറകൾ മാത്രമുള്ള ഓച്ചിറ. തിരുവോണത്തിന് ശേഷമുള്ള ഈ ഓണം കന്നുകാലികൾക്കായുള്ള ആഘോഷമായാണ് ഓണാട്ടുകരയിൽ ആചരിക്കുന്നത്. ആദ്യം കർക്കിടകത്തിലെ പിള്ളേരോണം, പിന്നെ ചിങ്ങമാസത്തിലെ തിരുവോണം തുടർന്ന് കന്നിമാസത്തിലെ ഇരുപത്തിയെട്ടാം ഓണം. ഇങ്ങനെ മൂന്ന് ഓണമാണ് ഒരുകാലത്ത് നാം ആഘോഷിച്ചിരുന്നത്. ഓണത്തെ നടുവിൽ നിർത്തി ജീവിതം നെയ്തെടുത്ത മലയാളിക്ക് യഥാർത്ഥത്തിൽ ഓണം കാലഗണനയിലെ അടയാളക്കുറിയായ സർവ്വേക്കല്ലാണ്. പ്രതീക്ഷയുടേയും പ്രത്യാശയുടെയും താക്കോൽ കൂടിയായിരുന്ന ഓണത്തോട് ഇഴചേർന്ന പഴമൊഴികളും ഏറെയാണ്.

ഓണം വരാൻ ഒരു മൂലം വേണം

ഓണം പിറന്നാലും ഉണ്ണി പിറന്നാലും, കോരനു കഞ്ഞി കുമ്പിളിൽ തന്നെ!

ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര  
കാണം വിറ്റും ഓണമുണ്ണണം  
ഓണത്തിനിടയിലാ പുട്ടുകച്ചവടം  
അത്തം കറുത്താൽ ഓണം വെളുക്കും  
ഓണാട്ടൻ വിതച്ചാൽ ഓണത്തിന് പുത്തരി  
ഉള്ളപ്പോൾ ഓണം ഇല്ലാത്തപ്പോൾ ഏകാദശി  
ഓണത്തപ്പാ കുടവയറാ, എന്നു തീരും തിരുവോണം  
ഓണത്തേക്കാൾ വലിയ മകമുണ്ടോ?

ഇങ്ങനെ പ്രാദേശികഭേദങ്ങളോടെ ഇനിയും നിരവധി ഓണപ്പഴമൊഴികൾ ഉണ്ടാകാം. ഓണവുമായി വിളക്കിച്ചേർത്ത ഈ പഴമൊഴികൾ ചേരുംപടി ചേർത്തുവെച്ച് പ്രിയപ്പെട്ട വായനക്കാർ മനസ്സിൽ ഒരു പൂക്കളം തീർക്കട്ടെ!

'ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര' എന്ന പഴമൊഴിയെ പുതിയ കാലവുമായി ചേർത്തുവച്ച് നമുക്കൊന്ന് വിശകലനം ചെയ്യാം. ഓലമേഞ്ഞ വീടുകൾ ഇന്ന് ഓർമയായി മാറിയെങ്കിലും ഒരുകാലത്ത് കൽപവൃക്ഷത്തിന്റെ ഉദാരകാരുണ്യം കൊണ്ടായിരുന്നു കേരളീയർ കിടപ്പാടം നിർമിച്ചിരുന്നത്. നന്നായി വിളഞ്ഞ തെങ്ങിൻതടികൊണ്ടായിരുന്നു കഴുക്കോലും ഉത്തരവും പട്ടികയും വളയും മറ്റും തീർത്തിരുന്നതെങ്കിൽ, ഓലകൊണ്ടായിരുന്നു വീടുകൾ മേഞ്ഞിരുന്നത്. മേച്ചിൽഓല പട്ടികയോടു ചേർത്തുവച്ചു കെട്ടിയിരുന്നതും വാട്ടിയെടുത്ത ഓലക്കാലുകൊണ്ടായിരുന്നു. കെട്ടുനാരെന്നാണ് ഓണാട്ടുകര പ്രദേശത്ത് ഇതിനെ പറയുക. ചുരുക്കത്തിൽ കയറി കിടക്കുവാൻ ഒരു വീട് എന്ന സ്വപ്നം സഫലമാക്കുന്നതിൽ കൽപവൃക്ഷമായ തെങ്ങിനുണ്ടായിരുന്ന സ്ഥാനം പ്രഥമവും പ്രധാനവുമായിരുന്നു.

ഏതാണ്ട് അരനൂറ്റാണ്ട് മുമ്പുള്ള നമ്മുടെ കേരളം സാമ്പത്തിക പരാധീനതകളാലും ഇല്ലായ്മകളാലും ദാരിദ്ര്യത്താലും കഷ്ടത നിറഞ്ഞതായിരുന്നു. മുണ്ടു മുറുക്കിയുടുത്ത് വിശപ്പിന്റെ വിളിയറിഞ്ഞ കൊടിയ ദാരിദ്ര്യത്തിന്റേതായ ഒരു ഭൂതകാലം! പഞ്ഞക്കർക്കിടകം താണ്ടിയെത്തുന്ന മനുഷ്യന്റെ വിശപ്പിനെ അടുത്ത ഒരാണ്ടോളം പിടിച്ചു നിർത്തിയിരുന്ന രുചിഭേദങ്ങളുടെ മേളനമായിരുന്നു അന്ന് ഓണസദ്യ. മരച്ചീനി പുഴുങ്ങിയതും ചേമ്പിൻതാളിന്റെ കറിയും പച്ചിലകളുടെ തോരനും താമരക്കണ്ണൻ ചേമ്പുപുഴുങ്ങിയതും ആഞ്ഞിലിക്കുരു വറുത്തതും മറ്റും കഴിച്ച് മിഥുനം-കർക്കിടകമാസങ്ങളിലെ വിശപ്പിനെ അതിജീവിച്ച ശേഷം വയറുനിറയെ ആഹാരം കഴിക്കുന്നത് ഓണത്തിനായിരുന്നു!

എന്നാൽ എല്ലാ പ്രാരാബ്ധങ്ങൾക്കും ഇല്ലായ്മകൾക്കും നടുവിൽ ജീവിക്കുമ്പോഴും ഓണം കെങ്കേമമാക്കുന്ന കാര്യത്തിൽ മലയാളി ഒരു വിട്ടുവീഴ്ചയും കാണിച്ചിരുന്നില്ല. കാണം വിറ്റിട്ടായാലും ഓണം കെങ്കേമമാക്കണമെന്നതായിരുന്നു ഓരോ മലയാളിയുടെയും മനോഭാവം! 'ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര' എന്ന പഴമൊഴിയും ഈ മനോഭാവത്തോട് ചേർത്ത് തന്നെയാണ് നാം വിലയിരുത്തേണ്ടത്. ഓലമേഞ്ഞ വീട് യഥാസമയം കെട്ടിമേഞ്ഞില്ലെങ്കിലും അതിനായി സ്വരുക്കൂട്ടിവച്ചിരിക്കുന്ന പണം പോലും ഓണസദ്യയൊരുക്കാനുള്ള വിഭവങ്ങൾക്കായും ഓണക്കോടി വാങ്ങാനായും വിനിയോഗിച്ചിരുന്നു. അത്രകണ്ട് പ്രാധാന്യ

മാണ് നമ്മുടെ പൂർവ്വികർ ഓണത്തിന് കൽപിച്ചുനൽകിയിരുന്നത്. വീടുകെട്ടിമേയുക എന്ന ജീവൽപ്രധാനമായ കാര്യത്തേക്കാൾ പ്രാധാന്യവും പ്രാമുഖ്യവുമാണ് ഓണത്തിന് അവർ നൽകിയിരുന്നതെന്ന് വിളിച്ചോതുന്ന പഴമൊഴിയാണിത്. യഥാസമയം വീട് മേയാത്തത് കാരണം ഓല ദ്രവിച്ചും ജീർണിച്ചും പുരപ്പുറത്ത് ഓട്ടവീഴുകയും മഴ പെയ്യുമ്പോൾ വെള്ളം ഈ ഓട്ടയിൽ കൂടി ചോർന്ന് പുരയ്ക്കുള്ളിൽ വീഴുകയും ചെയ്യും. വീടിന്റെ മേൽക്കൂരയിൽ ഓട്ട വീണാലും അതിന്റെ ബുദ്ധിമുട്ടുകൾ സഹിച്ചാലും വേണ്ടില്ല, ഓണം പൊടിപൊടിക്കണമെന്ന മലയാളിയുടെ നെഞ്ചോടുചേർന്ന വികാരത്തെയാണ് യഥാർത്ഥത്തിൽ ഈ പഴമൊഴി പ്രതിഫലിപ്പിക്കുന്നത്.

എന്നാൽ വർത്തമാനകാല പശ്ചാത്തലത്തിൽ ഈ പഴമൊഴിയെ വിലയിരുത്തുമ്പോൾ ഓണത്തെ ഒരു പ്രതീകമായി മാത്രം കണ്ടാൽ മതി. നമ്മുടെ എല്ലാ ആഘോഷങ്ങളും ചടങ്ങുകളും അനാവശ്യമായ ധൂർത്തിന്റെയും ധാടിമോടികളുടെയും പാരമ്യതയിൽ എത്തിനിൽക്കുകയാണ്. മക്കളുടെ കല്യാണമോ പുതിയ വീട് വച്ചശേഷമുള്ള ഗൃഹപ്രവേശമോ പുതുതായി തുടങ്ങിയ ഒരു വ്യാപാരസ്ഥാപനത്തിന്റെ ഉദ്ഘാടനമോ എന്തിനേറെ കുഞ്ഞുങ്ങളുടെ ചോറൂണോ പിറന്നാളോ -തുടങ്ങി എല്ലാ ചടങ്ങുകളും ആഘോഷങ്ങളും 'അടിച്ചുപൊളിക്കുക' എന്നതാണ് വർത്തമാനകാലരീതി. പണം എങ്ങനെയും കണ്ടെത്തും. വീടും പറമ്പും പണയപ്പെടുത്തിയിട്ടാലും വേണ്ടില്ല മറ്റുള്ളവരുടെ മുമ്പിൽ പൊങ്ങച്ചം കാണിക്കാനാവശ്യമായ ആർഭാടവും ധൂർത്തും കാണിയ്ക്കുന്ന പ്രവണതയ്ക്കെതിരെ വിരൽ ചൂണ്ടുക കൂടിയാണീ പഴമൊഴി.

'ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര' എന്നതിന് കാലാനുസാരിയായി പാഠഭേദം വന്നിട്ടുണ്ട്. ഓലപ്പുര ഓട്ടപ്പുരയാകുന്നതിന് പകരം ബാങ്കുകളോ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളോ വീടും പുരയിടവും ജപ്തി ചെയ്യുകയോ ഋണബാദ്ധ്യതയാൽ കുടുംബത്തോടെ ആത്മഹത്യ ചെയ്യേണ്ടിവരികയോ ആണ് ഇപ്പോൾ സംഭവിക്കുന്നത്. അതിനാൽ ഓണമടക്കം എല്ലാം ആഘോഷങ്ങളും ഒപ്പം ചടങ്ങുകളും ലാളിത്യത്തോടെയും വീണ്ടുവിചാരത്തോടെയും ആഘോഷിക്കണമെന്ന ഓർമപ്പെടുത്തലാണ് ഈ പഴമൊഴി സമൂഹത്തിനുമുന്നിൽ വയ്ക്കുന്ന സന്ദേശം.

ഇക്കഴിഞ്ഞ ഓണത്തിന് ഏകദേശം 12,500 കോടിയിലേറെ രൂപയുടെ വസ്ത്രങ്ങളാണ് ഓണക്കോടിയായി കേരളത്തിൽ വിറ്റഴിഞ്ഞത്. ഏതാണ്ട് 750 കോടിയിലേറെ രൂപയ്ക്കുള്ള മദ്യം ഓണക്കാലത്തെ ഒരാഴ്ചകൊണ്ട് കേരളം കുടിച്ചു തീർത്തു! കാർഷികോത്സവമായ ഓണവും ഇന്നിതാ ലഹരി നുരയുന്ന ഉത്സവമായി മാറുന്നു! 450–500 കോടിയോളം രൂപയുടെ ഓണസദ്യയാണ് ഉത്രാടം, തിരുവോണം, അവിട്ടം ദിവസങ്ങളിലായി മുൻകൂറായി ബുക്ക് ചെയ്യപ്പെട്ടത്! മഹാബലി നാടും വീടും കാണാനായി എത്തിയപ്പോൾ ഈ വീടുകളിലെങ്ങും അടുപ്പിൽ തീ പുകഞ്ഞിട്ടില്ല എന്നതാണ് വാസ്തവം! പൂക്കളും ഇലക്ട്രോണിക്സ് ഉപകരണങ്ങളും, പച്ചക്കറികളും, പലവ്യഞ്ജനങ്ങളുമടക്കം ഓണത്തിന് ചെലവഴിച്ച പണത്തിന്റെ കണക്കുകൂടി കൂട്ടിയാൽ കോടാനുകോടി രൂപയാണ് ഓണക്കാലത്ത് മാത്രം മലയാളി വിപണിക്ക് നൽകുന്നത്. ഓണസദ്യ വിളമ്പാനുള്ള തൂശനിലപോലും വിലകൊടുത്ത് വാങ്ങുന്ന അവസ്ഥയിലാണ് നാം. അയൽനാടുകളിൽ ഇല മുറിച്ചെടുക്കാൻ വേണ്ടിമാത്രം വാഴക്കൃഷി വ്യാപകമായി നടക്കുന്നു. ഏതാണ്ട് നാലഞ്ച് കോടി രൂപയുടെ തൂശനിലയാണ് ഓണമുണ്ണാൻ മലയാളി വിലനൽകി വിപണിയിൽ നിന്നു വാങ്ങുന്നത്! മണ്ണിന് ഭാരമായി മാറുന്ന പ്ലാസ്റ്റിക് വാഴയില വേറെയും. മണ്ണിൽ നിന്ന് കാലുവലിച്ച മലയാളി ഒരു പാളയങ്കോടൻ വാഴക്കന്ന് അടുക്കളമുറ്റത്ത് നട്ടുനനച്ച് വളർത്തി അതിൽ നിന്ന് ഇല മുറിച്ചെടുത്ത് ഓണസദ്യ വിളമ്പാനുള്ള മനോഭാവത്തിലേക്ക് മടങ്ങണമെന്നതാണ് ഓണം മുന്നോട്ടുവെക്കുന്ന ഉദാത്തമായ സന്ദേശം. മലയാളി ആരാധനയോടെ കാണുന്ന മഹാബലി ചക്രവർത്തി ഓലക്കുടയുമേന്തി വിപണിയിലെ ഡിസ്ക്കൗണ്ട് മേളയുടെ ബ്രാൻഡ് അംബാസിഡറായി മാറുന്ന അവസ്ഥ നമുക്ക് മാറ്റിയെടുക്കേണ്ടേ?

ഒരു സമൂഹത്തിന് ജീവിതം സ്വയം നിർണയിച്ച് സ്വയംപര്യാപ്തതയിൽ എത്താൻ കഴിയുന്ന അവസ്ഥയാണ് ഓണം. അതിനു നേതൃത്വം നൽകിയ ഭരണാധികാരിയായിരുന്നു മഹാബലി. ഓണം നമുക്കുമുന്നിൽ വെയ്ക്കുന്നത് പുരാവൃത്തകഥ മാത്രമല്ല ഭാവിയിലേക്കുള്ള താക്കോൽകൂടിയാണ്. അത് വാതിൽപ്പടിക്കുമുകളിൽ വെച്ചിട്ട് ഈ വീടു തുറക്കാൻ കഴിയുന്നില്ല എന്ന് വിലപിക്കുന്നവരാണ് നാം! ആഘോഷങ്ങളുടെ പൊലിപ്പും പൊലിമയും കൂടുമ്പോഴാണോ ഉത്സവങ്ങൾ സാർത്ഥകമാവുക? ആലോചിക്കണം നമ്മൾ. നമ്മുടെ ഹൃദ്യസുരഭിലമായ ഓണത്തെ ഇപ്പോൾ ഏറ്റെടുക്കുന്നത് വിപണിയാണ്, കച്ചവടക്കാരാണ്. യഥാർത്ഥത്തിൽ ഓണം നമുക്ക് ഒരുപാട് ദിശകളിലേക്ക് നോക്കാവുന്ന ജാലകങ്ങൾ തുറന്നുതരികയാണ്. ഓരോന്നിലൂടെ നോക്കുമ്പോൾ ഓരോ കാഴ്ചകൾ കാണുന്നു. കണ്ടുതീരുമ്പോൾ എല്ലാം ഒരിടത്തുതന്നെ എത്തുന്നു. ഇത്ര വിസ്മയകരമായ ഒരു ഉത്സവം നമുക്ക് മാത്രമേ ഉണ്ടാവൂ. •

## 'റബ്ബർ ഗ്രോവേഴ്സ് ഗൈഡ് – 2026' വിൽപനയ്ക്ക്




റബ്ബർകൃഷിപരിപാലനം, വിവിധ റബ്ബറിനങ്ങളും അവയുടെ പ്രത്യേകതകളും, വളമിടൽ, രോഗങ്ങളും അവയുടെ നിവാരണമാർഗങ്ങളും, വിളവെടുപ്പ്, സംസ്കരണം, വിപണനം തുടങ്ങി റബ്ബറിന്റെ എല്ലാ മേഖലകളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഒരു പുസ്തകമാണ് 'റബ്ബർ ഗ്രോവേഴ്സ് ഗൈഡ്'. റബ്ബർബോർഡിന്റെ വിവിധ പദ്ധതികൾ, പരിശീലനപരിപാടികൾ, സ്ഥിതിവിവരക്കണക്കുകൾ, ബോർഡിന്റെ ഇന്ത്യയൊട്ടാകെയുള്ള ഓഫീസുകളുടെ വിലാസങ്ങൾ, ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ എന്നിവയെല്ലാം ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പ് ഇപ്പോൾ വിൽപനയ്ക്ക് ലഭ്യമാണ്. ഒരു കോപ്പിയുടെ വില 250 രൂപ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2301231 (എക്സ്റ്റൻഷൻ നമ്പർ 346).

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2026 ആഗസ്റ്റ് 1 | 28400 | 28000 | അവധി | 28400 | 28000 | അവധി | അവധി |
| 2026 ആഗസ്റ്റ് 2 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ആഗസ്റ്റ് 3 | 28400 | 28000 | 19760 | 28400 | 28000 | 26763 | 26678 |
| 2026 ആഗസ്റ്റ് 4 | 28400 | 28100 | 19760 | 28400 | 28100 | 26657 | 26572 |
| 2026 ആഗസ്റ്റ് 5 | 28400 | 28100 | 19865 | 28400 | 28100 | 26611 | 26525 |
| 2026 ആഗസ്റ്റ് 6 | 28400 | 28100 | 19970 | 28400 | 28100 | 26711 | 26625 |
| 2026 ആഗസ്റ്റ് 7 | 28400 | 28100 | 20075 | 28400 | 28100 | 26752 | 26666 |
| 2026 ആഗസ്റ്റ് 8 | 28400 | 28100 | അവധി | 28400 | 28100 | അവധി | അവധി |
| 2026 ആഗസ്റ്റ് 9 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ആഗസ്റ്റ് 10 | 28400 | 28100 | 20075 | 28400 | 28100 | 26665 | 26579 |
| 2026 ആഗസ്റ്റ് 11 | 28300 | 28000 | 20075 | 28300 | 28000 | 26762 | 26675 |
| 2026 ആഗസ്റ്റ് 12 | 28300 | 28000 | 20075 | 28300 | 28000 | അവധി | അവധി |
| 2026 ആഗസ്റ്റ് 13 | 28100 | 27800 | 20075 | 28100 | 27800 | 26664 | 26577 |
| 2026 ആഗസ്റ്റ് 14 | 27900 | 27600 | 19970 | 27900 | 27600 | 26569 | 26483 |
| 2026 ആഗസ്റ്റ് 15 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ആഗസ്റ്റ് 16 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ആഗസ്റ്റ് 17 | 27700 | 27400 | 19865 | 27700 | 27400 | 26553 | 26466 |
| 2026 ആഗസ്റ്റ് 18 | 27500 | 27200 | 19655 | 27500 | 27200 | 26551 | 26464 |
| 2026 ആഗസ്റ്റ് 19 | 27400 | 27100 | 19655 | 27400 | 27100 | 26554 | 26467 |
| 2026 ആഗസ്റ്റ് 20 | 27400 | 27100 | 19705 | 27400 | 27100 | 26580 | 26493 |
| 2026 ആഗസ്റ്റ് 21 | 27400 | 27100 | 19760 | 27400 | 27100 | 26871 | 26784 |
| 2026 ആഗസ്റ്റ് 22 | 27400 | 27100 | അവധി | 27400 | 27100 | അവധി | അവധി |
| 2026 ആഗസ്റ്റ് 23 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ആഗസ്റ്റ് 24 | 27400 | 27100 | 19760 | 27400 | 27100 | 27069 | 26981 |
| 2026 ആഗസ്റ്റ് 25 | 27400 | 27100 | 19760 | 27400 | 27100 | 27086 | 26998 |
| 2026 ആഗസ്റ്റ് 26 | അവധി | അവധി | അവധി | അവധി | അവധി | 26954 | 26867 |
| 2026 ആഗസ്റ്റ് 27 | 27400 | 27100 | 19760 | 27400 | 27100 | 26883 | 26795 |
| 2026 ആഗസ്റ്റ് 28 | 27500 | 27100 | 19970 | 27500 | 27100 | 26657 | 26570 |
| 2026 ആഗസ്റ്റ് 29 | 27500 | 27100 | അവധി | 27500 | 27100 | അവധി | അവധി |
| 2026 ആഗസ്റ്റ് 30 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ആഗസ്റ്റ് 31 | 27500 | 27100 | 20185 | 27500 | 27100 | 26583 | 26496 |
| **ശരാശരി** | **27888** | **27567** | **19889** | **27888** | **27567** | **26725** | **26638** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | മെയ് 2026 | മെയ് 2025 | ഏപ്രിൽ 2026 മുതൽ മെയ് 2026 വരെ | ഏപ്രിൽ 2025 മുതൽ മെയ് 2025 വരെ | ഏപ്രിൽ 2025 മുതൽ മാർച്ച് 2026 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 22700 | 23500 | 42700 | 44750 | 569550 | |
| ബ്ലോക്കുറബ്ബർ | 19500 | 15700 | 34600 | 30550 | 207825 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 6800 | 7850 | 14800 | 14850 | 110000 | |
| മറ്റുള്ളവ | 1000 | 950 | 1900 | 1850 | 17625 | |
| **ആകെ** | **50000** | **48000** | **94000** | **92000** | **905000** | **2.2** |
| **ഉപഭോഗം*** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 50000 | 54000 | 98000 | 106000 | 597500 | |
| ബ്ലോക്കുറബ്ബർ | 50500 | 55100 | 103500 | 107600 | 661000 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 9300 | 9900 | 18300 | 19900 | 120500 | |
| മറ്റുള്ളവ | 3200 | 4000 | 6200 | 7500 | 48000 | |
| **ആകെ** | **113000** | **123000** | **226000** | **241000** | **1427000** | **-6.2** |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 77814 | 76933 | 152072 | 149841 | 907956 | 1.5 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 38363 | 39845 | 82560 | 82092 | 459081 | |
| കയറ്റുമതി (p) | 549 | 233 | 670 | 499 | 3014 | |

**2026 മെയ് അവസാനത്തെ സ്റ്റോക്ക് (ടൺ)**

| | | | |
|---|---|---|---|
| കർഷകർ | 22000 | ഷീറ്റുറബ്ബർ | 152000 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 81000 | ബ്ലോക്കുറബ്ബർ | 75000 |
| ടയർ നിർമ്മാതാക്കൾ (c) | 116500 | റബ്ബർപാൽ (ഡിആർസി) | 25000 |
| മറ്റു വ്യവസായികൾ | 46500 | മറ്റുള്ളവ | 14000 |
| **ആകെ** | **266000** | **ആകെ** | **266000** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്

c- ട്രാൻസിറ്റ് ഉൾപ്പെടെ

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



# ഗുണമേന്മയുള്ള നടീൽവസ്തുക്കൾക്ക്

# റബ്ബർബോർഡ് നഴ്സറികൾ

| റബ്ബർബോർഡിന്റെ കേരളത്തിലെ നഴ്സറികൾ | |
|---|---|
| **സെൻട്രൽ നഴ്സറി**<br>കരിക്കാട്ടൂർ, മുക്കട പി.ഒ.<br>ഇ-മെയിൽ: cnkkr@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി,**<br>മഞ്ചേരി.<br>ഇ-മെയിൽ: romji@rubberboard.org.in |
| **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>കടയ്ക്കാമൺ, പുനലൂർ.<br>ഇ-മെയിൽ: ropnr@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>ഉളിക്കൽ, കണ്ണൂർ.<br>ഇ-മെയിൽ: roskm@rubberboard.org.in |
| **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>കാഞ്ഞിക്കുളം, പാലക്കാട്.<br>ഇ-മെയിൽ:ropgt@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>ആലക്കോട്, തളിപ്പറമ്പ്.<br>ഇ-മെയിൽ: rotba@rubberboard.org.in |

**കൂടുതൽ വിവരങ്ങൾക്ക്:**
**റബ്ബർബോർഡ് കോൾസെന്റർ**
**ഫോൺ:** 0481-2576622



RUBBER MONTHLY (MALAYALAM )
Published on 11 September 2026
RNI. 7842

Registered KL / KTM/ 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




പകരമാകില്ല മറ്റൊന്നും

- അനുകരണങ്ങളെ സൂക്ഷിക്കുക
- തോട്ടം നേരിൽ കണ്ട് കൃഷിരീതികൾ മനസ്സിലാക്കുക

പ്രത്യേകതകൾ

- 30% ൽ അധികം തണൽ ആവശ്യം
- റബ്ബർ തോട്ടത്തിൽ കാട് വളരാത്തതുമൂലം പണിക്കൂലി ലാഭകരം
- തായ്‌വേരുകൾ ആയതിനാൽ ഇടവിളകൃഷിക്ക് അനുയോജ്യം
- തായ്‌വേരായതിനാൽ നനയ്ക്കേണ്ടതില്ല
- ഉത്പാദനത്തിൽ വർദ്ധനവ്
- തോട്ടം നട്ടുപിടിപ്പിച്ചു കൊടുക്കുന്നു
- കേരളത്തിൽ എവിടെ നിന്നും മാർക്കറ്റ് വിലയിൽ കാപ്പി സംഭരിക്കുന്നു

റോയ്സ്
ഹൈടെക് ഹൈബ്രിഡ് കോഫി
പ്ലാന്റേഷൻ & നേഴ്സറി
PULPALLY - WAYANAD
9447 907 464
9744 517 595
www.royscoffee.com

Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar